**അടിയന്തര പ്രമേയം**

**ചന്ദ്രബോസിന്റെ കൊലപാതകം**

മി. പ്രോട്ടെം സ്പീക്കർ: സെക്യൂരിറ്റി ജീവനക്കാരൻ ചന്ദ്രബോസിനെ കാറിടിച്ച് വീഴിച്ചും വലിച്ചിഴച്ചും അതിക്രൂരമായി മർദ്ദിച്ച് കൊലപ്പെടുത്തിയ വിവാദ വ്യവസായി മുഹമ്മദ് നിസാമിനെ രക്ഷിക്കാൻ ഭരണകക്ഷി നേതാക്കളും പോലീസും ഒത്തുകളിച്ച് കേസ് അട്ടിമറിക്കുന്നതിനുള്ള ഗൂഢനീക്കം നടത്തുന്നതായി പറയപ്പെടുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ബാബു എം. പാലിശ്ശേരി, വി. എസ്. സുനിൽകുമാർ, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, 29-01-2015-ന് പുലർച്ചെ 3.15-ഓടുകൂടി തൃശ്ശൂർ ശോഭാ സിറ്റി ഫ്ലാറ്റ് സമുച്ചയത്തിലെ താമസക്കാരനായ മുഹമ്മദ് നിസാം എന്നയാൾ ഹമ്മർ കാറോടിച്ച് ഫ്ലാറ്റിലേക്ക് വന്നസമയം ഗേറ്റ് തുറക്കാൻ വൈകിയ വിരോധത്തിൽ സെക്യൂരിറ്റി ജീവനക്കാരായ അനൂപിനെയും ചന്ദ്രബോസിനെയും ദേഹോപദ്രവം ഏൽപ്പിച്ചു. സ്ഥലത്തുനിന്നും ഓടി രക്ഷപ്പെടാൻ ശ്രമിച്ച ചന്ദ്രബോസിനെ മുഹമ്മദ് നിസാം കാറിൽ പിന്തുടർന്ന്

ശോഭാ സിറ്റിയുടെ മുൻവശത്തുള്ള ഫൗണ്ടന്റെ ചുറ്റുമതിലിന് ചേർത്ത് കാറുകൊണ്ടിടിച്ച് വാരിയെല്ലുകൾക്കും കൈകൾക്കും ഗുരുതരമായി പരിക്കേൽപ്പിച്ചു. ഈ സംഗതിക്ക് സെക്യൂരിറ്റി ജീവനക്കാരനായ അനൂപിന്റെ പരാതിപ്രകാരം അന്നേദിവസം 5.00 മണിയോടെ പേരാമംഗലം പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 341, 323, 324, 326, 307, 506(1), 294(ബി) എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 173/2015 ആയി കേസ് രജിസ്റ്റർ ചെയ്തു. തൃശ്ശൂർ അമലാ ആശുപത്രിയിൽ ചികിത്സയിലിരിക്കെ 16-02-2015-ന് ചന്ദ്രബോസ് (50 വയസ്) മരണപ്പെടുകയുണ്ടായി. തുടർന്ന് പേരാമംഗലം പോലീസ് ഇൻസ്പെക്ടർ അന്വേഷണം ഏറ്റെടുക്കുകയും കേസിൽ 307 ഐ.പി.സി കുറവുചെയ്ത് 302 ഐ.പി.സി. ചേർത്ത് കോടതിയിൽ റിപ്പോർട്ട് നൽകിയിട്ടുള്ളതുമാണ്. സംഭവസ്ഥല മഹസർ തയ്യാറാക്കിയും സാക്ഷിമൊഴികൾ രേഖപ്പെടുത്തിയും വീഡിയോഗ്രാഫ് റിക്കോർഡ് ചെയ്തും ഫിംഗർ പ്രിന്റ് എക്സ്പെർട്ട്, സയന്റിഫിക് അസിസ്റ്റന്റ് എന്നിവർ സാമ്പിളുകൾ ശേഖരിച്ചും ചന്ദ്രബോസിന്റെ മൃതദേഹം വീഡിയോഗ്രാഫ് ചെയ്തും തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തിയും സംഭവസ്ഥലം എ.ഡി.ജി.പി. (നോർത്ത് സോൺ) ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥർ സന്ദർശിച്ചും അന്വേഷണം നടത്തിയിട്ടുള്ളതാണ്. മുഹമ്മദ് നിസാമിനെ 29-01-

2015-ന് പേരാമംഗലം പോലീസ് ഇൻസ്പെക്ടർ നിയമാനുസൃതം അറസ്റ്റ് ചെയ്ത് ബഹു. കോടതി മുമ്പാകെ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുള്ളതും പബ്ലിക് പ്രോസിക്യൂട്ടറുടെ റിപ്പോർട്ട് അനുസരിച്ച് ബഹു. കോടതി പ്രതിക്ക് ജാമ്യം നിരസിച്ചിട്ടുള്ളതുമാണ്. ഈ കുറ്റകൃത്യം അതീവ ഗൗരവമുള്ളതായതിനാൽ കേസിന്റെ അന്വേഷണം നോർത്ത് എ.ഡി.ജി.പി.-യുടെ മേൽനോട്ടത്തിൽ ഊർജ്ജിതമായി നടത്തിവരികയാണ്. പ്രതിക്കെതിരെ ശക്തവും വ്യക്തവുമായ തെളിവുകൾ ശേഖരിച്ച് എത്രയുംപെട്ടെന്ന് കുറ്റപത്രം സമർപ്പിക്കുന്നതാണ്. മുഹമ്മദ് നിസാമിനെതിരെ 'കാപ്പ' ആക്ട് പ്രകാരം നടപടി സ്വീകരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി തൃശ്ശൂർ ജില്ലാ കളക്ടർ 09-03-2015-ന് No.C.14408/2015 ആയി ഡീറ്റെൻഷൻ ഓർഡർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഞാൻ ചന്ദ്രബോസിന്റെ വീട് സന്ദർശിച്ചപ്പോൾ അദ്ദേഹത്തിന്റെ അമ്മയും സഹോദരിയും നിസാമിന്റെ അനധികൃതമായ സമ്പാദ്യത്തെപ്പറ്റിയും പണം കൊടുത്ത് കേസുകൾ ഒത്തുതീർപ്പാക്കിയതിനെപ്പറ്റിയുമുള്ള പരാതികൾ പറഞ്ഞു. അതിനെപ്പറ്റിയും നിസാമുമായി ബന്ധപ്പെട്ട മറ്റെല്ലാ കേസുകളും പരിശോധിച്ച് അവ ഒത്തുതീർപ്പാക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിനുമായി ഞാൻ തിരുവനന്തപുരത്ത് വന്ന ഉടനെതന്നെ വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം

കൊടുത്തു. അതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടർ പിറ്റേദിവസം ഇത് സംബന്ധിച്ച് ഒരു വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടു. പ്രസ്തുത ഉത്തരവിന്റെ കോപ്പിയാണിത് (പകർപ്പ് ഉയർത്തിക്കാണിച്ചു). അതനുസരിച്ച് വിജിലൻസ് അന്വേഷണം ഇക്കാര്യത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. നിസാമിന്റെ സാമ്പത്തിക ഇടപാടുകളുടെ ഇറെഗുലാരിറ്റീസിനെ സംബന്ധിച്ച് പുറത്തുവന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ എ.ഡി.ജി.പി. (ക്രൈംസ്)-നോട് സി.ബി.സി.ഐ.ഡി. (ഇക്കണോമിക് ഒഫൻസ് വിംഗ്)-നെക്കൊണ്ട് ഈ കേസ് അന്വേഷിപ്പിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. അതുപോലെതന്നെ ഇക്കാര്യത്തിൽ സ്പെഷ്യൽ പ്രോസിക്യൂട്ടറെ വയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. അത് ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഇന്നോ നാളെയോ അക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുന്നതാണ്. 90 ദിവസത്തിനുള്ളിൽ കുറ്റപത്രം സമർപ്പിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഈ കേസന്വേഷണം നീതിപൂർവ്വവും സ്വതന്ത്രമായും നടത്തുവാനും കുറ്റവാളിക്ക് പരമാവധി ശിക്ഷ വാങ്ങിക്കൊടുക്കാനും ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, 2015 ജനുവരി 29-ന് പുലർച്ചെ 3.15-നാണ് മുഹമ്മദ് നിസാം എന്ന കോടീശ്വരനായ വ്യവസായി പരിപൂർണ്ണമായ മദ്യ-

മയക്കുമരുന്ന് ലഹരിയിൽ ശോഭാ സിറ്റിയിലുള്ള തന്റെ വീട്ടിലേക്ക് വരുന്നത്. ഇവിടെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞതല്ല വാസ്തവം. അദ്ദേഹംതന്നെ സൂചിപ്പിച്ച അനൂപ് എന്നുപറയുന്ന സെക്യൂരിറ്റി ജീവനക്കാരനോട് ഞാൻ നേരിട്ട് സംസാരിച്ചതാണ്. നിസാം എന്ന ഈ ഭീകരനായ മനുഷ്യൻ എപ്പോൾ പുറത്തേയ്ക്ക് പോകുന്നുവോ അപ്പോൾ മുതൽ സെക്യൂരിറ്റി ജീവനക്കാർ ഗേറ്റ് തുറന്നിടുകയാണ് ചെയ്യുന്നത്. ഗേറ്റ് തുറക്കാൻ വൈകിയെന്ന് പറയുന്നത് ശരിയല്ല. ഗേറ്റ് തുറന്നാണ് കിടന്നിരുന്നത്. നിസാം വരുമ്പോൾ ഗേറ്റ് തുറക്കാൻ വൈകിയാൽ ചീത്തപറച്ചിലും അടിയും ഉറപ്പാണ്. അതുകൊണ്ടാണ് ഇയാൾ പുറത്തേയ്ക്ക് പോയാലുടൻ സെക്യൂരിറ്റിക്കാർ ഗേറ്റ് തുറന്നിടുന്നത്. മദ്യലഹരിയിൽ വണ്ടിയോടിച്ചുവന്ന നിസാം അവിടെ ഒരു സ്ഥലത്ത് വണ്ടി കൊണ്ടുചെന്ന് ഇടിച്ച് മുന്നോട്ട് പോകാൻ പറ്റാതെ നിൽക്കുകയാണ് ചെയ്തത്. അവിടെ നിന്ന് ജീവനക്കാരെ പതിവുപോലെ തെറിപറയുന്ന ശബ്ദം കേട്ടാണ് ക്യാബിൻ ഡ്യൂട്ടിയിലായിരുന്ന ചന്ദ്രബോസ് പുറത്തേയ്ക്ക് വരുന്നത്. കുറേക്കാലമായി സൗഹൃദം ഉള്ളതുകൊണ്ട് എന്താണ് സംഭവമെന്ന് തിരക്കി നിസാമിനോട് സൗഹൃദഭാവത്തോടെ സംസാരിക്കാൻ തുടങ്ങിയപ്പോഴാണ് നിസാം കാറിൽ നിന്നിറങ്ങി അദ്ദേഹത്തെ വഴക്ക് പറഞ്ഞതും അടിച്ചതും വണ്ടികൊണ്ട് ഇടിച്ചുവീഴ്ത്താൻ ശ്രമിച്ചതും.

മൂന്നുനാല് പ്രാവശ്യം വണ്ടികൊണ്ട് ഇടിച്ചതിനെത്തുടർന്ന് അവശനായ ഈ മനുഷ്യനെയാണ് വണ്ടിക്കുള്ളിലുണ്ടായിരുന്ന വടിയും മറ്റും ഉപയോഗിച്ച് അതിഭീകരമായും മാരകമായും അടിച്ച് കൊല്ലാറാക്കിയത്. അടിച്ചടിച്ച്, അദ്ദേഹത്തിനെക്കൊണ്ട് ആകുന്ന വിധത്തിലെല്ലാം അടിച്ച് നിസാമിന്റെ കയ്യും കാലുമെല്ലാം തളർന്നു. അപ്പോഴാണ് അദ്ദേഹം ഫോൺ ചെയ്ത് ഭാര്യയോട് തോക്കെടുത്തുകൊണ്ട് വരാൻ പറഞ്ഞത്. ഭാര്യ തോക്കുമായി വരികയും അടിയും ഇടിയും കാറിന്റെ ഇടിയുംകൊണ്ട് അവശനായി കിടക്കുന്ന ഈ മനുഷ്യനെ ഭാര്യയുമായി ചേർന്ന് എടുത്ത് പുതിയ കാറിലേക്ക് എടുത്തിടുകയും അവിടെനിന്ന് അവരുടെ ഫ്ലാറ്റിനടുത്തേയ്ക്ക് വണ്ടി ഓടിച്ച് പോകുകയും ചെയ്തു. അവിടെച്ചെന്ന് പുറത്തേയ്ക്ക് വലിച്ചിടുകയും വീണ്ടും വടി ഉപയോഗിച്ച് ക്രൂരമായി മർദ്ദിക്കുകയും ചെയ്തു. ഇത് സമീപകാലത്ത് കേരളത്തിൽ കേട്ട, നമ്മൾ കണ്ട, അറിഞ്ഞ കൊലപാതക കേസുകളിൽ നിന്നും വളരെ വിഭിന്നവും അതിക്രൂരവുമായ മർദ്ദനവും കൊലപാതകവുമാണ്. ഇത്ര മൃഗീയമായ ഒരു സംഭവത്തിന്മേൽ സാധാരണ ഗതിയിൽ കേരളത്തിലെ ജനങ്ങൾ പ്രതീക്ഷിക്കുന്നത് വളരെ കൃത്യമായ, ചടുലമായ കേസന്വേഷണമാണ്. സെക്യൂരിറ്റിക്കാർ വിവരം അറിയിച്ചതിനെത്തുടർന്ന് ഹൈവേ പോലീസ് സംഭവ സ്ഥലത്തുവന്നു, ഇന്നയാളുടെ വിഷയമാണെന്നറിഞ്ഞപ്പോൾ

ഹൈവേ പോലീസ് വണ്ടി മാറ്റി അവിടെ നിന്നു. എല്ലാവർക്കും അറിയാം, രേഖപ്പെടുത്തിയ കാര്യമാണത്. എന്നിട്ട് പേരാമംഗലം സ്റ്റേഷനിലേക്ക് വിളിച്ചു. അവിടെ നിന്നും പോലീസ് വന്നു. ഒന്നും രണ്ടുമല്ല, ഒമ്പത് വണ്ടി പോലീസാണ് വന്നത്. എന്നിട്ടാണ് നിസാമിനെ കസ്റ്റഡിയിൽ എടുക്കുന്നത്. സ്പോട്ടിൽ വച്ച് കസ്റ്റഡിയിലെടുക്കേണ്ടി വന്നതിനാലാണ് അദ്ദേഹത്തെ കസ്റ്റഡിയിൽ എടുത്തത്. അല്ലെങ്കിൽ നിസാമിനെ പോലീസ് അറസ്റ്റ് ചെയ്യില്ലായിരുന്നു. അത്രയേറെ സ്വാധീനമാണ് അദ്ദേഹത്തിനുള്ളത്. മുപ്പതാം തീയതി തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഹോസ്പിറ്റലിൽ വന്നു, ചികിത്സാചെലവെല്ലാം സർക്കാർ വഹിക്കുമെന്ന് പറഞ്ഞ് മരിക്കുന്നതിന് മുമ്പ് ധൈര്യപ്പെടുത്തി. എല്ലാ കാര്യവും ഗവൺമെന്റ് ഏറ്റെടുക്കുമെന്ന് പറഞ്ഞു, എന്താണ് ഇതുവരെ ഉണ്ടായത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. 25,000 രൂപ കൊടുത്തു. മരിച്ചു കഴിഞ്ഞപ്പോൾ ബോഡി വിട്ടുകിട്ടില്ലെന്ന അവസ്ഥയുണ്ടാകും എന്നുവന്നപ്പോൾ നാണക്കേടുണ്ടാകാതിരിക്കാൻ കളക്ടർ 81,000 രൂപ കൂടി കൊടുക്കാൻ ഏർപ്പാട് ചെയ്തു. ചികിത്സയ്ക്ക് ആറ് ലക്ഷത്തോളം രൂപ ചെലവ് വന്നിട്ടുണ്ട്. ആ തുക കൊടുത്തോ, തുക റിലീസ് ചെയ്തോ? പറഞ്ഞ വാക്ക് പാലിച്ചോ? ഒന്നും ചെയ്തില്ല, ഒരു വിദഗ്ധ ചികിത്സയും അദ്ദേഹത്തിന് കിട്ടിയില്ല.

ജീവൻ രക്ഷിക്കാൻ വേറെയെവിടേയ്ക്കെങ്കിലും കൊണ്ടുപോകുന്നതിനുള്ള പരിശ്രമവും നടന്നില്ല. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വരികയും കാണുകയും ചെയ്തല്ലോ. ഇത്രയും ക്രൂരനായ മനുഷ്യന്റെ പേരിൽ 'കാപ്പ' ചുമത്തുമെന്ന് എ.ഡി.ജി.പി. ശങ്കർ റെഡ്ഡി പറയുകയുണ്ടായി. മുൻകേസുകൾ അന്വേഷിക്കുമെന്നൊക്കെ പറഞ്ഞു. എന്താണ് സംഭവിച്ചത്? 29-ാം തീയതി പുലർച്ചെ സംഭവം നടക്കുന്നു. 30-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി എത്തുന്നു. 3-ാം തീയതി കോൺഗ്രസിന്റെ സമുന്നതനായ നേതാവ് ഡി.സി.സി പ്രസിഡന്റ് ശ്രീ. ഒ. അബ്ദുറഹിമാൻ കുട്ടിയും ശ്രീ. പി. എ. മാധവനും കൂടി പ്രതിയെ ജയിലിൽ പോയി കാണുന്നു. ശ്രീ. മാധവൻ സംസാരിച്ചുവെന്ന് ഞാൻ പറയുന്നില്ല. ശ്രീ. അബ്ദുറഹിമാൻ കുട്ടി 20 മിനിട്ടോളം പ്രതിയുമായി സംസാരിച്ചു. കേരളം മുഴുവൻ വെറുക്കുന്ന, അങ്ങേയറ്റം വൈരാഗ്യത്തോടെ കാണുന്ന, ക്രൂരമായ കൊലപാതകം നടത്തിയ ഒരു മനുഷ്യനോട് എന്താണ് ഡി.സി.സി പ്രസിഡന്റിന് ഇത്ര കടപ്പാട്; എന്താണ് എം.എൽ.എ.യ്ക്ക് കൂടെപോകേണ്ട കാര്യം? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ആഭ്യന്തര മന്ത്രിയോടുമെല്ലാം ഇക്കാര്യം സംസാരിച്ച് ശരിയാക്കിയിട്ടുണ്ടെന്ന് നിസാമിനോട് പോയി പറഞ്ഞുവെന്നത് നാട്ടിൽ മുഴുവൻ സംസാരമാണ്. ഒരു മനുഷ്യന് ചിന്തിക്കാൻ കഴിയാത്ത ക്രൂരമായ കാര്യം

ചെയ്തയാളെ സന്ദർശിക്കാൻ സാധാരണഗതിയിൽ ഒരാളിന് കഴിയില്ല. പിന്നീടുണ്ടായ സംഭവങ്ങൾ കൂട്ടിവായിക്കണം. നിസാമിനെ പോലീസ് കസ്റ്റഡിയിൽ വാങ്ങുന്നു. കേസന്വേഷണത്തിനെന്നു പറഞ്ഞ് പോലീസ് ജീപ്പിൽക്കയറ്റി ബാംഗ്ലൂരിലേയ്ക്ക് കൊണ്ടുപോകുന്നു. ചാവക്കാട് എത്തിയപ്പോൾ നിസാമിന്റെ റോൾസ്റോയ്സ് കാറിൽ കയറുന്നു. എപ്പോഴാണ് വേഷം ബർമൂഡയാക്കിതെന്ന് എനിക്കറിയില്ല. ബാംഗ്ലൂരിൽ എത്തിയപ്പോൾ ബർമൂഡയാണ് വേഷം. ഫോട്ടോകൾ പത്രത്തിൽ വന്നില്ലേ; 9 ദിവസത്തെ ടൂർ ആണ് ബാംഗ്ലൂരിൽ നടത്തിയത്. എന്തിന്റെ പേരിലാണ് അന്വേഷണം ബാംഗ്ലൂരിൽ നടത്തിയതെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് പറയാമോ? 9 ദിവസം നിസാമിനെകൊണ്ടുപോയി എന്താണ് ചെയ്തത്; എവിടെയാണ് താമസിച്ചത്. പഞ്ചനക്ഷത്ര ഹോട്ടലിൽ താമസം. ബർമൂഡ ധരിച്ച് സി.ഐ.യുടെ ഫോൺ വാങ്ങി ഫോൺ ചെയ്യുന്ന ഫോട്ടോ എല്ലാ പത്രങ്ങളിലും വന്നതല്ലേ; കേരളത്തിലോ ഇന്ത്യയിലെവിടെയെങ്കിലുമോ ക്രൂരനായ കൊലപാതകിക്ക് ഈ സൗകര്യം കിട്ടുമോ? കമ്മീഷണർ ശ്രീ. ജേക്കബ് ജോബ് ഒറ്റയ്ക്ക് ചോദ്യം ചെയ്യുന്നു. നിസാമിനെ കോൺഗ്രസ് നേതാവും എം.എൽ.എ.യും സന്ദർശിച്ചുവെന്നത് ഞാൻ ഒരു ആക്ഷേപമായി പറയുകയാണ്. ശരിയല്ല എന്നാണെങ്കിൽ അതിന് തെളിവുതരാം. ഡി.സി.സി. പ്രസിഡന്റ് ശ്രീ. ഒ.

അബ്ദുറഹിമാൻ കുട്ടിയുമായി നിസാമിന് അടുത്ത ബന്ധമുണ്ടെന്നും പാർലമെന്റ് തെരഞ്ഞെടുപ്പുകാലത്ത് യു.ഡി.എഫ്. സ്ഥാനാർത്ഥി ശ്രീ. കെ. പി. ധനപാലന്റെ ഓഫീസായിരുന്നത് എം.ജി. റോഡിലെ നിസാമിന്റെ ഓഫീസായിരുന്നുവെന്നും തൃശ്ശൂരിലെ മുൻമേയറും കോൺഗ്രസ് (ഐ) യുടെ നേതാവുമായ ശ്രീ. ഐ. പി. പോൾ പ്രസ്താവന നടത്തിയത് ഫെബ്രുവരി 22-ന്റെ മെട്രോ വാർത്തയിൽ വന്നു. ചന്ദ്രബോസ് വധക്കേസിൽ പ്രതിയായ നിസാമിനുവേണ്ടി ഇടപെടുകയും അയാളെ ജയിലിൽ ചെന്ന് സന്ദർശിക്കുകയും ചെയ്ത ശ്രീ. പി.എ. മാധവൻ എം.എൽ.എ, ഡി.സി.സി. പ്രസിഡന്റ് ഒ. അബ്ദുറഹിമാൻ കുട്ടി എന്നിവർക്കെതിരെ നടപടി എടുക്കണമെന്ന് കോൺഗ്രസ് (ഐ) യോഗം കൂടി തീരുമാനിച്ചതായി ഫെബ്രുവരി 20-ന് മാതൃഭൂമി പത്രത്തിൽ വാർത്ത വന്നു. ശ്രീ. റ്റി.യു. രാധാകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സർവ്വ ശ്രീ. എം.പി. ഭാസ്കരൻ നായർ, റ്റി. വി. ചന്ദ്രമോഹൻ, ജോസഫ് ചാലിശ്ശേരി, ജോസ് കാട്ടൂക്കാരൻ, ദിവാകരൻ കാണത്ത് എന്നിവർ പങ്കെടുത്തതായും മാതൃഭൂമി പത്രത്തിൽ പറയുന്നു. അപ്പോൾ ആക്ഷേപം പറയുന്നതല്ല, വാസ്തവമാണ്. പ്രതിഷേധം ഞങ്ങളെക്കാൾ കൂടുതൽ കോൺഗ്രസ് (ഐ)-യിൽപ്പെട്ടവർക്കു തന്നെയാണ്. ശ്രീ. ജേക്കബ് ജോബ് പ്രതിയോട് ഒറ്റയ്ക്ക് സംസാരിച്ചതിന്റെ പേരിൽ കടുത്തശിക്ഷ പോലീസ് ഡിപ്പാർട്ടുമെന്റ് കൊടുത്തു.

അദ്ദേഹത്തിന്റെ സ്വന്തം ജില്ലയായ പത്തനംതിട്ടയിലേയ്ക്ക് പോലീസ് മേധാവിയായി ട്രാൻസ്ഫർ ചെയ്തു. നാണക്കേടില്ലേ, അദ്ദേഹം ചോദ്യം ചെയ്തത് തെറ്റാണെങ്കിൽ കൊടുക്കേണ്ട ശിക്ഷയോ നടപടിയോ ഇതാണോ? പകരം കമ്മീഷണറായി നിഷാന്തിനി ഐ.പി.എസ്. വരുന്നു. 11 -ാം തീയതി മുതൽ 16-ാം തീയതിവരെ പുതുതായി നിയമിച്ച പോലീസ് കമ്മീഷണർ അവിടെയുണ്ട്. 16-ാം തീയതി 1.45 നാണ് ചന്ദ്രബോസ് മരിക്കുന്നത്. പുതിയതായി എന്തെങ്കിലും സമീപനം എടുത്തോ; മരണമൊഴി എടുത്തോ പുതിയ കമ്മീഷണർ? പോലീസിന് പൊതുവായ നിർദ്ദേശം ഇക്കാര്യത്തിൽ കിട്ടിയിട്ടുണ്ട്. 22-ാം തീയതി കൂട്ടുപ്രതിയായ നിസാമിന്റെ ഭാര്യ അമലിനെ പോലീസ് ചോദ്യം ചെയ്തത് സംഭവം നടന്ന് 23-ാം ദിവസം. ചന്ദ്രബോസ് മരിച്ച് 7-ാം ദിവസം. ആരാണ് അമൽ? തോക്കെടുത്തുകൊണ്ടുവാ എന്ന് പറഞ്ഞപ്പോൾ ഓടിപ്പോയി തോക്കെടുത്തുകൊണ്ടുവന്ന് തോക്ക് കൈയിൽ കൊടുത്തയാൾ. ചന്ദ്രബോസിനെ കാറിലേയ്ക്കെടുത്തിട്ട് മറ്റൊരിടത്തുകൊണ്ടുപോയി മർദ്ദിക്കുന്നതിന് കൂട്ടുനിന്നയാൾ. കൂട്ടുപ്രതിയല്ലേ? കൂട്ടുപ്രതിയെ ഈ നിമിഷം വരെ അറസ്റ്റ് ചെയ്തോ? ചോദ്യം ചെയ്തത് 23-ാം ദിവസം. പോലീസിന്റെ സമീപനം എന്താണെന്ന് മനസ്സിലായില്ലേ. ജയിലിൽ നിസാമിന് ആഡംബര ജീവിതം. എല്ലാ പത്രങ്ങളിലും വാർത്ത വന്നു. ബിരിയാണിയും ഫ്രൈഡ് റൈസും ഫൈവ് കോഴ്സ്

ഡിന്നറുമാണ്. ഇത് ഞാൻ പറയുന്നതല്ല, ദേശാഭിമാനിയിൽ വന്നതല്ല, മതൃഭൂമിയും മനോരമയുമുൾപ്പെടെ എല്ലാ പത്രങ്ങളിലും വന്നതാണ്. ഫെബ്രുവരി 23-ാം തീയതി ഒരു വിചിത്രമായ കേസ് ബാംഗ്ലൂരിൽ വന്നു. നിസാം ബാംഗ്ലൂരിൽ ഓവർ സ്പീഡിൽ കാറോടിച്ചുവെന്നും അപ്പോൾ ഒരു സ്ത്രീ നിസാമിനെ വഴക്കുപറഞ്ഞുവെന്നും വഴക്കുപറഞ്ഞ സ്ത്രീയെ നിസാം തിരിച്ച് ചീത്തപറഞ്ഞുവെന്നും അതിന്റെ പേരിൽ കേസുണ്ടായെന്നും അതിന്റെ പേരിൽ ജുഡീഷ്യൽ കസ്റ്റഡിയിലെടുക്കാൻ ഉത്തരവിട്ടുണ്ടെന്നും പറഞ്ഞ് അദ്ദേഹത്തെ ബാംഗ്ലൂരിലേയ്ക്ക് കൊണ്ടുപോകുന്നു. എന്തിനാണ് ബാംഗ്ലൂർ യാത്ര; ഞാൻ ആക്ഷേപം ഉന്നയിക്കുന്നു, ഈ ബാംഗ്ലൂർ യാത്രയിലാണ് ശ്രീ. പി. സി. ജോർജ് പറഞ്ഞ കോടിക്കണക്കിന് രൂപ ബന്ധപ്പെട്ടയാളുകൾക്ക് കൊടുക്കുവാനുള്ള സൗകര്യമുണ്ടാക്കിയത്. രണ്ട് പ്രാവശ്യമാണ് ബാംഗ്ലൂരിലേയ്ക്ക് പോയത്. 13 ദിവസം യാത്ര. എന്നിട്ട് എന്ത് റിസൽട്ടാണ് ബാംഗ്ലൂരിലെ അന്വേഷണത്തിൽ ഉണ്ടായത്. ഒരു റിസൽട്ടും ഉണ്ടായില്ല. വലിയകുറ്റമല്ലേ, ഓവർ സ്പീഡിൽ പോയതിന് ഒരു സ്ത്രീ വഴക്കു പറഞ്ഞതിന് തിരിച്ച് ചീത്തവിളിച്ചതിന് ജുഡീഷ്യൽ കസ്റ്റഡി. ചന്ദ്രബോസിന് ക്രൂരമായി മർദ്ദനമേൽക്കുമ്പോഴുള്ള ചോരയിൽ കുതിർന്ന വസ്ത്രങ്ങൾ എവിടെ പോയി; ആ വസ്ത്രങ്ങൾ കസ്റ്റഡിയിലെടുക്കാൻ സാധിച്ചോ? വസ്ത്രങ്ങൾ പോലീസ് കത്തിച്ചുകളഞ്ഞു

എന്ന് എല്ലാ മാധ്യമങ്ങളിലും വാർത്ത വന്നു. ഇക്കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് എന്താണ് പറയാനുള്ളത്? ഐ.സി.യു.വിലേയ്ക്ക് കയറ്റുമ്പോൾ കൊടുത്ത വസ്ത്രങ്ങൾ വാങ്ങിയത് പോലീസാണോ; ആശുപത്രി അധികൃതരാണോ? അത് കസ്റ്റഡിയിലെടുക്കാൻ എന്തുകൊണ്ട് പോലീസ് തയ്യാറായില്ല. അത് കത്തിച്ചുകളഞ്ഞുവെന്നാണ് അറിയുന്നത്. തൊണ്ടിമുതലുകളുടെ ലിസ്റ്റിൽ അതില്ല. മർദ്ദനമേറ്റശേഷം 16 ദിവസം ചികിത്സിച്ചു. ഐ.സി.യു.വിൽ ഞാൻ പോയി കണ്ടതാണ്. 16 ദിവസത്തിനുള്ളിൽ ദീർഘമായി ഭാര്യയോടും മകനോടും ഡോക്ടറായ റെന്നീസ് ജോബിനോടും സംസാരിച്ചു. എന്താണ് പോലീസിനോട് മാത്രം സംസാരിക്കാത്തത്; പോലീസ് മാത്രം മരണമൊഴി എടുത്തില്ല. ഇന്നലെ ലഭിച്ച മെഡിക്കൽ റിപ്പോർട്ടിൽ പറയുന്നത് കൊല്ലപ്പെട്ട ചന്ദ്രബോസിന്റെ മസ്തിഷ്കത്തിന് യാതൊരു തകരാറുമില്ലെന്നാണ്. അപ്പോൾ അദ്ദേഹത്തിന് സംസാരിക്കാനും കാര്യങ്ങൾ കേൾക്കാനും മനസ്സിലാക്കാനും ബുദ്ധിമുട്ടില്ല. വളരെ ബുദ്ധിപൂർവ്വം പോലീസ് മരണമൊഴി എടുത്തില്ല. മരണമൊഴി എടുക്കാൻ ഉത്തരവാദിത്തപ്പെട്ട സർക്കിൾ ഇൻസ്പെക്ടർ മരണമൊഴി എടുക്കാത്തതിന് ലോക് ആയുക്ത അദ്ദേഹത്തിന്റെ പേരിൽ നടപടി സ്വീകരിക്കുന്നു. ബഹുമാനപ്പെട്ട എം.എൽ.എ.മാർ കേൾക്കണം. ലോക് ആയുക്ത നടപടിയെടുത്ത സർക്കിൾ

ഇൻസ്പെക്ടർ ശ്രീ. ബിജുകുമാർ ഇപ്പോഴും അന്വേഷണ സംഘത്തിലെ പ്രമുഖ അംഗമാണ്. അദ്ദേഹത്തെ പിൻവലിക്കാനെങ്കിലും ഇവർക്ക് മനസ്സുണ്ടായോ? ഈ കേസ് എവിടെയെത്തും? നിസാം തോക്ക് ചൂണ്ടിയ വാർത്തകൾ പത്രങ്ങളിൽ വന്നിട്ടും തോക്കെടുത്തുവാ എന്ന് ഭാര്യയോട് പറഞ്ഞിട്ടും എന്തുകൊണ്ട് തോക്ക് കസ്റ്റഡിയിലെടുത്തില്ല? തോക്കെടുത്തുവെന്നും തോക്ക് ചൂണ്ടിയെന്നും സെക്യൂരിറ്റി ജീവനക്കാർ പറഞ്ഞു. മൂന്ന് കേസായാൽ 'കാപ്പ' എടുക്കാം. മൂന്ന് കേസുകളായാൽ 'കാപ്പ' അനുസരിച്ച് കേസ് എടുക്കാം. ഡി.വൈ.എഫ്.ഐ. ആണെങ്കിൽ രണ്ടു കേസുകളായാലും എടുക്കാം. ശ്രീമതി കെ. കെ. ലതിക എം.എൽ.എ.-യുടെ മകന്റെ പേരിലുള്ള കേസെന്താണ്; പോസ്റ്റർ ഒട്ടിച്ചു, പോസ്റ്റർ കീറി, മുദ്രാവാക്യം വിളിച്ചു, പ്രസംഗിച്ചു; ഇതല്ലേ കേസ്? അങ്ങനെ 4 കേസുകളുണ്ടാക്കി അവർക്കെതിരെ 24 മണിക്കൂറിനുള്ളിൽ കാപ്പ അനുസരിച്ച് കേസെടുത്ത പോലീസല്ലേ കേരളത്തിലെ പോലീസ്. ഇങ്ങനെ പോസ്റ്റർ ഒട്ടിച്ചതിനും മുദ്രാവാക്യം വിളിച്ചതിനും കാപ്പ എടുത്ത പോലീസ്, 2013-ലും 2014-ലും പേരാമംഗലത്തെ റൗഡി ലിസ്റ്റിലുള്ള നിസ്സാമിന്റെ പേരിൽ 14 കേസുകളുണ്ട്. സ്വന്തം അനിയന്റെ ഭാര്യയുടെ നഗ്നഫോട്ടോയെടുത്ത് ഫെയ്സ്ബുക്കിലിട്ടു, വനിതാ എസ്.ഐ.-യെ കാറിൽ പൂട്ടിയിട്ടു, ട്രാഫിക് പോലീസിനെ അക്രമിച്ചു, പോലീസ്

സ്റ്റേഷൻ ആക്രമിച്ചു, പോലീസുകാരനെ കയ്യേറ്റം ചെയ്തു. ഇതടക്കമുള്ള 14 കേസുകളുണ്ടായിട്ടും ശ്രീ. രമേശ് ചെന്നിത്തലയുടെ പോലീസിന് കാപ്പയെടുക്കാൻ 39 ദിവസം വേണ്ടിവന്നു. ശ്രീമതി ലതികയുടെ മകന്റെ പേരിൽ കാപ്പയെടുക്കാൻ 24 മണിക്കൂർ. പോലീസ് ആരുടെ കൂടെയാണ്; ഈ കേരളത്തിലെ ജനങ്ങൾ എന്താണ് മനസ്സിലാക്കുന്നത്? ഇത് അപകടകരമാണ്. കൊല്ലപ്പെട്ട് 41 ദിവസം കഴിഞ്ഞിട്ടും കൊല്ലപ്പെട്ടപ്പോൾ ധരിച്ചിരുന്ന വസ്ത്രങ്ങൾ കസ്റ്റഡിയിലെടുക്കാത്തത് എന്തുകൊണ്ട്; മറുപടി പറയണം. ആശുപത്രിയിലെത്തി 16-ാം ദിവസമാണ് ചന്ദ്രബോസ് മരിക്കുന്നത്. ഇതിലേറിയ കൂറും അദ്ദേഹത്തിന് ബോധമുണ്ടായിരുന്നു. അദ്ദേഹം സംസാരിച്ചിരുന്നു. എന്നിട്ടും മരണമൊഴി എടുക്കാത്തത് എന്തുകൊണ്ട്? 2013 മുതൽ പേരാമംഗലം സ്റ്റേഷനിലെ റൗഡി ലിസ്റ്റിലുണ്ടായിരുന്ന നിസാമിനെതിരെ ഇത്രദിവസം കഴിഞ്ഞിട്ടും ഇത്ര കേസുകളുണ്ടായിട്ടും കാപ്പയെടുക്കാൻ വൈകിയത് എന്തുകൊണ്ട്? ഇത്രയും വിവാദമായ കേസിൽ ഈ പ്രതിയുടെ വീട് പോലീസ് പരിശോധിക്കാത്തത് എന്തുകൊണ്ട്? അതിനുമുമ്പ് വേറെ ആളുകൾ അവിടെ കയറി പരിശോധിച്ച് സാധനങ്ങളെല്ലാം എടുത്തുകൊണ്ടുപോയി. എന്തുകൊണ്ടാണ് പോലീസ് നോക്കിനിന്നത്? കൊല്ലാൻ തോക്കെടുത്തു കൊണ്ടുവരികയും കൂടുതൽ മർദ്ദിക്കാൻ സഹായിക്കുകയും ചെയ്ത അദ്ദേഹത്തിന്റെ ഭാര്യയെ കൂട്ടുപ്രതിയാക്കാത്തത്

എന്തുകൊണ്ട്? ഇവരുടെയൊക്കെ ഫോൺകോൾ ലിസ്റ്റ് പരിശോധിക്കാത്തത് എന്തുകൊണ്ട്? ബാംഗ്ലൂർ യാത്രയെക്കുറിച്ച് അന്വേഷിക്കാത്തത് എന്തുകൊണ്ടാണ്? രണ്ട് കോൺഗ്രസ് എം.എൽ.എ.-മാർക്ക് 6 കോടി രൂപ കൊടുത്തുവെന്നും പോലീസിന് 3 കോടി രൂപ കൊടുത്തുവെന്നും ഡി.ജി.പി. ഈ കേസിൽ ഇടപെട്ടുവെന്നും ഞാൻ പറഞ്ഞതല്ല. സർക്കാരിന്റെ സംവിധാനങ്ങൾ അറിഞ്ഞന്വേഷിക്കാൻ അവസരമുള്ള ശ്രീ. പി.സി. ജോർജാണ് പറഞ്ഞത്. ആരാണെന്ന് ശ്രീ. പി. സി. ജോർജ് പറയണം. ഡി.ജി.പി.-യെപ്പോലും ഈ കേസിൽ വലിച്ചിഴച്ചുകൊണ്ടുവന്നു. ഒരു ഡി.ജി.പി ഈ കേസിലുണ്ട്. അദ്ദേഹം പ്രയാസത്തിലാണ് വിശദീകരിക്കാൻ കഴിയാതെ. അങ്ങനെയുള്ള കേസിനെപ്പറ്റി ചീഫ് വിപ്പിന് എന്താണ് പറയാനുള്ളത്? ഒന്നുകിൽ ശ്രീ. പി. സി. ജോർജ് പറയണം, അല്ലെങ്കിൽ അദ്ദേഹത്തെ കസ്റ്റഡിയിലെടുക്കണം. അദ്ദേഹത്തിന്റെ പേരിൽ കേസെടുക്കണം. അങ്ങനെയല്ലേ ചെയ്യേണ്ടത്. ഈ കേസിൽ എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് എനിക്കറിയാം. അവസാനം ഇപ്പറയുന്ന ചന്ദ്രബോസ് മാന്യനായ നിസ്സാമിന്റെ കാറിന് മുമ്പിലേയ്ക്ക് ചാടിവീണ് ആത്മഹത്യ ചെയ്തതാണെന്ന് പറഞ്ഞുവരും. നിങ്ങൾക്ക് അത്ര വേണ്ടപ്പെട്ടയാളാണ് നിസ്സാം. അതുകൊണ്ട് ഈ വിഷയത്തെക്കുറിച്ച് സ്പെഷ്യൽ പോലീസ് ടീമിനെ വച്ച്

സമഗ്രമായ അന്വേഷണം നടത്തണം. ഇതിനകത്ത് നിരവധി കുറ്റവാളികളുണ്ട്. ആഭ്യന്തര വകുപ്പടക്കം സംശയത്തിന്റെ മുനയിൽ നിരവധി പേരുണ്ട്. അതിനാൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മി. പ്രോട്ടെം സ്പീക്കർ: ശ്രീ. പി. സി. ജോർജ് എഴുതി തന്നിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ്: ബഹുമാനപ്പെട്ട ബാബു എം. പാലിശ്ശേരി, വി. എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ ഉൾപ്പെടെയുള്ളവർ ഒപ്പിട്ട് കിട്ടിയ കത്താണ്. ഇത് കണ്ടയുടൻ തന്നെ പേഴ്സണൽ എക്സ്പ്ലനേഷൻ അനുവദിക്കണമെന്ന് കാണിച്ച് ഞാൻ അങ്ങേയ്ക്ക് കത്ത് തന്നു. ഞാൻ ഇന്നലെ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചപ്പോൾ, ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു കാര്യവും സഭയിൽ ചർച്ച ചെയ്യാൻ ആഗ്രഹിക്കുന്നില്ലെന്ന് പറഞ്ഞു. ഇപ്പോഴും ഞാൻ ആ അഭിപ്രായത്തിൽ തന്നെ നിൽക്കുകയാണ്. ഒരു പ്രധാനപ്പെട്ട കാര്യം, ഏതു കാര്യത്തിലും പ്രതിപക്ഷം എപ്പോഴും എന്റെ പേര് വിനിയോഗിക്കുകയാണ്. എനിക്ക് ഒരു വിരോധവുമില്ല, സന്തോഷം. പക്ഷേ ഒറ്റക്കാര്യം, ഇതിനകത്ത് 'അന്വേഷണം അട്ടിമറിക്കാൻ മുഖ്യമന്ത്രിയുടെ ഓഫീസും' , ഗവൺമെന്റ് ചീഫ് വിപ്പ് തെളിവുസഹിതം വെളിപ്പെടുത്തിയിരിക്കുന്നു എന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. മുഖ്യമന്ത്രിയുടെ ഓഫീസ് ഇക്കാര്യത്തിൽ ഇടപെട്ടതായി ഏതെങ്കിലും ഒരു സ്ഥലത്ത്

എവിടെയെങ്കിലും ഞാൻ പറഞ്ഞതായി തെളിയിച്ചാൽ എന്റെ എം.എൽ.എ. സ്ഥാനം ഉൾപ്പെടെ രാജിവച്ചിരിക്കും. പറയുമ്പോൾ ന്യായം വേണം....(ബഹളം)..... ഇതു സംബന്ധമായ ചർച്ചയിൽ ഞാൻ ഒരു കാര്യം പറഞ്ഞിട്ടുണ്ട്. ഭരണ-പ്രതിപക്ഷ കക്ഷികളിൽപ്പെട്ട പല പ്രമുഖന്മാരും ഇതിൽ പങ്കാളികളാണെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. അതിൽ ഞാൻ ഉറച്ചുനിൽക്കുകയാണ്. ഏതെങ്കിലും എം.എൽ.എ.-യാണെന്ന് പറഞ്ഞിട്ടില്ല. പക്ഷേ ഒരു കാര്യമുണ്ട് പ്രതിപക്ഷത്തെ രണ്ട് എം.എൽ.എ.-മാരും ഭരണപക്ഷത്തെ ഒരു എം.എൽ.എ.-യും നിസ്സാമും ചേർന്നുള്ള യോഗത്തിലെ ചിത്രം കാണുവാനിടയായി. അതുകൊണ്ടാണ് ഞാനത് പറഞ്ഞത്. നിഷേധിക്കാൻ സാധിക്കുമോ? പക്ഷേ ആ ചിത്രത്തിൽ ഇവരെല്ലാം ഉള്ളതുകൊണ്ട് ഈ എം.എൽ.എ.-മാരെല്ലാം പണം വാങ്ങിയെന്ന് ഞാൻ ആരോപിക്കുന്നില്ല. പക്ഷേ ഇതുപോലുള്ള ഫ്രോഡിനെ, മനുഷ്യമൃഗത്തെ സഹായിക്കുന്ന നടപടി ആര് സ്വീകരിച്ചാലും അവർക്ക് ദൈവശിക്ഷ കിട്ടുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല.

<u>ശ്രീ. പി. എ. മാധവൻ</u>: സർ, വളരെ ഞെട്ടിക്കുന്ന രീതിയിലാണ്......... (ബഹളം).....

<u>മി. പ്രോട്ടെം സ്പീക്കർ</u>: ശ്രീ. പി. എ. മാധവന്റെ പേര് ഇവിടെ പരാമർശിച്ചു. ശ്രീ. ബാബു എം. പാലിശ്ശേരി റൂൾ 50 അനുസരിച്ച് സംസാരിച്ചപ്പോൾ

അദ്ദേഹത്തിന്റെ പേര് പറഞ്ഞു. അദ്ദേഹത്തിന് സംസാരിക്കാം.

ശ്രീ. പി. എ. മാധവൻ: സർ, കഴിഞ്ഞ ഒരു മാസക്കാലമായി കേരളത്തിൽ ഏറ്റവുമധികം ചർച്ച ചെയ്യപ്പെട്ട ഒരു വിഷയമാണ്. ജനവരി മാസം 29-ാം തീയതി ആരംഭിച്ച് ഫെബ്രുവരി 16-ാം തീയതി വരെ ഒട്ടേറെ ചർച്ചകൾക്ക് വിധേയമായി അന്നുമുതൽ ഇന്നുവരെ ചർച്ച നടക്കുന്ന വളരെയേറെ ക്രൂരമായ, പൈശാചികമായ ഒരു നരനായാട്ടിന് വിധേയമായി എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കാരമുക്കിൽ താമസിക്കുന്ന ചന്ദ്രബോസ് കൊല്ലപ്പെട്ട സംഭവമാണിത്. ശ്രീ. ബാബു എം. പാലിശ്ശേരി ഈ വിഷയം അവതരിപ്പിച്ചു എന്ന കാര്യത്തിൽ എനിക്ക് വളരെയേറെ സന്തോഷമുണ്ട്. കാരണം അടിയന്തര പ്രമേയത്തിലെ അദ്ദേഹത്തിന്റെ ആദ്യ വാചകം നോട്ട് ചെയ്യണം.............(ബഹളം).....എനിക്ക് പറയണം. എന്റെ നിയോജകമണ്ഡല ത്തിൽപ്പെട്ടതായതുകൊണ്ട് എനിക്ക് പറയാൻ അവസരം വേണം. ഈ അടിയന്തര പ്രമേയത്തിൽ എന്റെ പേര് പരാമർശിച്ചതുകൊണ്ട് എനിക്ക് വിശദീകരണം നൽകാൻ അവസരം വേണം. അത് എന്റെ അവകാശമാണ്, എന്റെ പ്രിവിലേജ് ആണ്.

മി. പ്രോടേം സ്പീക്കർ: ചട്ടം 288 പ്രകാരം, A member may, with the permission of the Speaker, make a personal explanation although there is no

question before the Assembly, but in this case no debatable matter may be brought forward, and no debate shall arise. അങ്ങ് അങ്ങയെക്കുറിച്ച് പറഞ്ഞതിനുമാത്രം ലഘുവായി പറയാം.

ശ്രീ. പി. എ. മാധവൻ: സർ, എന്നെക്കുറിച്ച് പരാമർശിച്ചത്, ഞാൻ ജയിലിൽ നിസ്സാമിനെ കാണാൻ പോയി എന്നാണ്. ജയിൽ അഡ്വൈസറി ബോർഡിലെ ഒരു മെമ്പറാണ് ഞാൻ. 15 ദിവസം മുമ്പ് തീരുമാനിച്ച യോഗത്തിൽ പങ്കെടുക്കുവാനാണ് ഞാൻ പോയത്. 3-ാം തീയതി വൈകിട്ട് 4 മണി മുതലാണ് ആ യോഗം ആരംഭിച്ചത്. 5.45 മണിക്കാണ് ഞാൻ ജയിലിൽ നിന്ന് മടങ്ങിപോകുന്നത്. ഞാൻ ഈ സഭയുടെ മുമ്പാകെ പറയുന്നു, ഞാൻ ഇതുമായി ബന്ധപ്പെട്ട് മുഴുവൻ വാർത്താ മാധ്യമങ്ങളിലുമായി പരസ്യമായ ഒരു പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ഞാൻ ഇത്രയുംകാലം ഒരു തുറന്ന ജീവിതമാണ് നയിച്ചിട്ടുള്ളത്. ഞാൻ എന്റെ അച്ഛന്റെ പേരോ എന്റെ പേരോ മാറ്റിയിട്ടില്ല. ഞാൻ അച്യുതൻ നായർ മകൻ മാധവൻ തന്നെയാണ്. ഒരിക്കൽ പോലും മാറ്റിയിട്ടില്ല. ഒരു കാര്യം കൂടി പറയാൻ ആഗ്രഹിക്കുന്നു, നിസ്സാമിനെ പോലെ അതിക്രൂരനായ ഒരാളെ ജയിലിൽ പോയി കാണുകയും ചന്ദ്രബോസിന്റെ ഭാര്യയെപ്പോയി ആശ്വസിപ്പിക്കുകയും ചെയ്യാൻ ഇരുതലനയമുള്ള ഒരാളല്ല ഞാൻ. ഒരു ക്രൂരനു മാത്രമേ അത് കഴിയൂ. ഒരു കാര്യം കൂടി

പറഞ്ഞവസാനിപ്പിക്കാം, ഞാൻ നിസ്സാമിനെ ജയിലിൽ പോയി കണ്ടുവെങ്കിൽ എന്റെ പൊതുജീവിതം ആ നിമിഷം അവസാനിപ്പിക്കാൻ തയ്യാറാണ്.

ആഭ്യന്തരവും വിജിലൻസവും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ശ്രീ. ബാബു. എം. പാലിശ്ശേരി പറഞ്ഞ അതേ ഗൗരവത്തോടെതന്നെയാണ് ഈ കേസിൽ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുള്ളത്. കേരളത്തിന്റെ സമൂഹ മന:സാക്ഷിയെ ഞെട്ടിപ്പിച്ച അതിപൈശാചികമായ കൊലപാതക കേസിലെ പ്രതിക്ക് പരമാവധി ശിക്ഷ വാങ്ങിക്കൊടുക്കുക എന്നുള്ള ലക്ഷ്യത്തോടെയാണ് ഗവൺമെന്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ ചന്ദ്രബോസിന്റെ വീട്ടിൽപ്പോയപ്പോൾ ശ്രീ. പി. എ. മാധവനും ശ്രീ. വി. എസ്. സുനിൽ കുമാർ എം.എൽ.എ. യും എന്നോടൊപ്പം ഉണ്ടായിരുന്നു. അവിടെവച്ച് അമ്മയും സഹോദരിയും ആവശ്യപ്പെട്ട മുഴുവൻ കാര്യങ്ങളും ഈ ഗവൺമെന്റ് ചെയ്തിട്ടുണ്ട്. കാപ്പ ചുമത്തുകയെന്ന് പറഞ്ഞാൽ Preventive detention ആണ്. അതിന് ചില നടപടിക്രമങ്ങളുണ്ട്. മുൻ ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെയുണ്ടല്ലോ. നമ്മൾ തമ്മിൽ പറയുന്നതനുസരിച്ച് ആരുടെയും പേരിൽ കാപ്പ ചുമത്താൻ പറ്റില്ല. അതൊരു പ്രോസസ്സാണ്. ഗവൺമെന്റ് പറയുന്നതനുസരിച്ച് കാപ്പ ചുമത്തിയാൽ പ്രതിക്ക് ഹൈക്കോടതിയിൽ നിന്ന് വിടുതൽ കിട്ടും. ആരുടെയും പേരിൽ വെറുതെ കാപ്പ

ചുമത്താനൊന്നും പറ്റില്ല. ഇക്കാര്യം ബഹു. സുപ്രീംകോടതി വരെ വിധിച്ചിട്ടുള്ളതാണ്. Preventive detention എന്നത് ഒരു വ്യക്തിയുടെ സ്വാതന്ത്ര്യത്തിന് നേരെ പ്രയോഗിക്കുന്ന ഏറ്റവും ഗുരുതരമായ നിയമമാണ്. ആ നിയമം ചുമത്തുന്നതിന് നമ്മുടെ നാട്ടിൽ ചില വകുപ്പുകളുണ്ട്. നിയമപരമായ നടപടികൾ സ്വീകരിക്കാതെ കാപ്പ ചുമത്താൻ കഴിയില്ല. ഒരു മന്ത്രിയോ ഗവൺമെന്റോ കാപ്പ ചുമത്തുമെന്ന് പറഞ്ഞാൽ കോടതിയിൽ പോയാൽ പ്രതി രക്ഷപ്പെടും. കാര്യങ്ങൾ അറിയാതെ വെറുതെ സംസാരിക്കരുത്. നടപടിക്രമങ്ങൾ മുഴുവൻ പാലിച്ച് മാത്രമാണ് കാപ്പ ചുമത്തിയിട്ടുള്ളത്. പ്രതിയുടെ നേരെ കാപ്പ ചുമത്തിയത് ഞാനല്ല, ഗവൺമെന്റുമല്ല. ജില്ലാ ഭരണകൂടം പോലീസിന്റെ റിപ്പോർട്ടുകൾ അനുസരിച്ച് നിയമാനുസൃതം നടത്തിയ നടപടിയാണ്. അതിൽ ഗവൺമെന്റ് ഇടപെടലില്ല. ഗവൺമെന്റ് ഇടപെടാൻ പാടില്ലാത്തതാണ്. ഇവിടെ ഗവൺമെന്റ് എന്നുള്ള നിലയിൽ ഈ കേസിന്റെ കാര്യത്തിൽ വളരെ കർശനമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. വിജിലൻസ് അന്വേഷണവും സി.ബി.സി.ഐ.ഡി. (എക്കണോമിക് വിംഗ്) യുടെ അന്വേഷണവും നടക്കുന്നു. മാത്രമല്ല 90 ദിവസത്തിനുള്ളിൽ കുറ്റപത്രം സമർപ്പിക്കും. ഇവിടെ മൂന്ന് കാര്യങ്ങളാണ് ബാബു. എം. പാലിശ്ശേരി പറഞ്ഞത്. അതിലൊന്ന് മരണമൊഴി

എടുത്തില്ലായെന്നുള്ളതാണ്. 29.01.2015-ന് ഗുരുതരമായ പരിക്കുപറ്റി 16.02.2015-ൽ മരണപ്പെടുന്നതുവരെ ചന്ദ്രബോസ് ഐ.സി.യു. വിലും വെന്റിലേറ്ററിലുമായി ചികിത്സയിലായിരുന്നു. ചികിത്സിച്ച ഡോക്ടർമാർ ചന്ദ്രബോസ് മൊഴി തരാൻ അശക്തനാണെന്നാണ് അറിയിച്ചിട്ടുള്ളത്. അതുകൊണ്ടാണ് മൊഴി രേഖപ്പെടുത്താൻ സാധിക്കാത്തത്. മൊഴി രേഖപ്പെടുത്തുന്നതിന് അമല ആശുപത്രിയിലെ ഡോക്ടർക്കും കുന്നംകുളം മജിസ്ട്രേറ്റിന്റെ ചുമതലയുള്ള ചാവക്കാട് കോടതിക്കും അപേക്ഷ കൊടുത്തിരുന്നു. 11.02.2015-ൽ മൊഴി രേഖപ്പെടുത്താൻ ആശുപത്രിയിലെത്തിയ ചാവക്കാട് മജിസ്ട്രേറ്റിന്റെ ചാർജ്ജുണ്ടായിരുന്ന എം.വി. ഷിബു അവർകൾ മൊഴി രേഖപ്പെടുത്താൻ കഴിയാതെ ചന്ദ്രബോസിന് സമീപം ഡ്യൂട്ടിയിലുണ്ടായിരുന്ന അസോസിയേറ്റ്സ് പ്രൊഫസർ. ഡോ. സുനന്ദകുമാരിയോട് വിവരങ്ങൾ ചോദിച്ചറിഞ്ഞ് എഴുതിവാങ്ങി പോയിട്ടുള്ളതാണ്. ഈ വ്യക്തി ആദ്യം മുതൽക്കേ തന്നെ സെഡേഷനിലായിരുന്നു. ഓപ്പറേഷൻ കഴിഞ്ഞതിനുശേഷം പിന്നീട് വെന്റിലേറ്ററിലേക്ക് മാറ്റുകയാണ് ചെയ്തത്. അദ്ദേഹത്തിന് സംസാരിക്കാൻ കഴിയുമായിരുന്നു എന്ന മാധ്യമ വാർത്ത ഇന്നലെ ഞാനും കണ്ടതാണ്. ഒരു മൊഴി എടുക്കാനുള്ള ശേഷി അദ്ദേഹത്തിനില്ലായിരുന്നുവെന്ന് ഡോക്ടർമാർ പറഞ്ഞതിന്റെ വെളിച്ചത്തിലാണ് മൊഴി എടുക്കാതിരുന്നത്. അതേസമയം അദ്ദേഹത്തിന്റെ

സഹോദരന്റെ വെളിപ്പെടുത്തലുകൾ നിയമാനുസൃതം മരണമൊഴിയായി എടുക്കാവുന്നതാണ്. മാത്രമല്ല ഇവിടെ അതുമായി ബന്ധപ്പെട്ട എല്ലാ തെളിവുകളും നമ്മുടെ കയ്യിലുണ്ട്. ഞാൻ ഒരു കൊലക്കേസ് നിയമസഭയുടെ മുമ്പിൽ ട്രയലിന് വിധേയമാക്കാൻ ആഗ്രഹിക്കുന്നില്ല. മാധ്യമങ്ങളുടെ ജാഗ്രത പൂർണ്ണമായും appreciate ചെയ്യുന്ന ആളാണ് ഞാൻ. പക്ഷേ, ഒരു കൊലക്കേസിനെ സംബന്ധിച്ചിടത്തോളം മീഡിയ ട്രയൽ എത്രമാത്രം ഗുണകരമായിരിക്കും എന്ന് ആലോചിക്കണം. എനിക്ക് മാധ്യമങ്ങളോട് ഒരഭ്യർത്ഥനയുണ്ട്, പ്രതിക്ക് ഗുണകരമാകാൻ സാധ്യതയുള്ള രീതിയിൽ വിവാദങ്ങൾ ചില മാധ്യമങ്ങളിൽ വരുന്നത് കേസിന്റെ ഉത്തമ താൽപ്പര്യങ്ങൾക്ക് ഗുണകരമാണോയെന്ന് പരിശോധിക്കണം. പൊതുസമൂഹവും ഇത് പരിശോധിക്കണമെന്ന അഭ്യർത്ഥനയും എനിക്കുണ്ട്. ഇവിടെ നിലമ്പൂർ രാധ കൊലക്കേസുണ്ടായി. അന്ന് അത് വലിയ വിവാദമായിരുന്നു. പ്രതികൾ രക്ഷപ്പെടുമെന്ന് പറഞ്ഞു. ആ കൊലക്കേസിലെ പ്രതികൾക്ക് ജീവപര്യന്തം ശിക്ഷ വാങ്ങിക്കൊടുത്തുവെങ്കിലും ഗവൺമെന്റിന് തൃപ്തിയില്ലാത്തതുകൊണ്ട് വധശിക്ഷ ലഭിക്കാൻ വേണ്ടി വീണ്ടും ഹൈക്കോടതിയിൽ അപ്പീൽ കൊടുത്തിരിക്കുകയാണ്. ഹീനമായ കൊലപാതക കേസുകളിൽ പ്രതിക്ക് പരമാവധി ശിക്ഷ വാങ്ങികൊടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്.

വസ്ത്രം കത്തിച്ചുവെന്ന കാര്യം ശ്രീ. ബാബു. എം. പാലിശ്ശേരി പറഞ്ഞു. പരിക്കുപറ്റിയ ചന്ദ്രബോസിനെ ആശുപത്രിയിലെ ഓപ്പറേഷൻ തീയേറ്ററിലേക്ക് കൊണ്ടുപോയ അവസരത്തിൽ വസ്ത്രങ്ങൾ ആശുപത്രി ജീവനക്കാർ മുറിച്ചുമാറ്റി വേസ്റ്റ് ബോക്സിൽ ഉപേക്ഷിച്ചതുമൂലം നഷ്ടപ്പെടാൻ ഇടയായതിനാൽ പോലീസിന് ലഭിച്ചിട്ടില്ല. എന്നാൽ അത് കേസ്സിന്റെ അന്വേഷണത്തെ ഒരുതരത്തിലും ബാധിക്കില്ലെന്ന് ഞാൻ ഉറപ്പുനൽകുകയാണ്.

<u>ശ്രീ. ബാബു. എം. പാലിശ്ശേരി</u>: സർ, ഇതുപോലുള്ള ധാരാളം കേസുകൾ അമല ആശുപത്രിയിൽ വരുന്നുണ്ട്. ഇങ്ങനെയൊരു കേസിൽ വസ്ത്രമെടുത്ത് വേസ്റ്റ് ബോക്സിലിട്ട ആശുപത്രി അധികൃതർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ശ്രീ. ബാബു. എം. പാലിശ്ശേരിയുടെ നിർദ്ദേശം ഞാൻ പരിശോധിക്കുന്നതാണ്. പ്രതിയുടെ വാഹനത്തെപ്പറ്റി പറഞ്ഞു, സംഭവ ദിവസംതന്നെ രാവിലെ 10.00 മണിക്ക് മഹസ്സറിൽ വിവരിച്ച് ബന്തവസ്സിൽ എടുത്ത് തൃശ്ശൂർ ആർ.എഫ്.എസ്.എൽ. ലെ സയന്റിസ്റ്റ് അസിസ്റ്റന്റ് ഉണ്ണികൃഷ്ണനും പിന്നീട് എറണാകുളത്തെ എഫ്.എസ്.എൽ. യൂണിറ്റ് സയന്റിഫിക് അസിസ്റ്റന്റ് സൂസൻ ആന്റണിയും പരിശോധന നടത്തിയിട്ടുള്ളതാണ്. വാഹനം കൂടുതൽ പരിശോധന നടത്തുന്നതിനായി റിപ്പോർട്ട് ബഹുമാനപ്പെട്ട കോടതി മുഖാന്തരം

തിരുവനന്തപുരം എഫ്.എസ്.എൽ. ലേക്ക് അയച്ചിട്ടുണ്ട്. പ്രതിയുടെ ഭാര്യയെപ്പറ്റി പറഞ്ഞു, പ്രതിയുടെ ഭാര്യ കൃത്യത്തിൽ ഉൾപ്പെട്ടതായോ കൃത്യത്തിൽ സഹായിച്ചതായോ സാക്ഷി മൊഴികൾ ഇല്ലാത്തതിനാലും അന്വേഷണത്തിൽ വെളിവാകാത്തതിനാലും അവരെ പ്രതി ചേർത്തിട്ടില്ല. പക്ഷെ, അന്വേഷണം നടക്കുന്ന മുറയ്ക്ക് ഇവർക്ക് ഇതിൽ പങ്കുണ്ടെന്ന് തെളിഞ്ഞാൽ അന്വേഷണ ഉദ്യോഗസ്ഥന് ഏത് സമയത്തും ആരെയും പ്രതിയാക്കാൻ കഴിയും. ഒരു കൊലപാതക കേസിൽ ആരെങ്കിലും വെറുതെ പറയുന്നതിന്റെ അടിസ്ഥാനത്തിൽ പ്രതിയാക്കാൻ കഴിയില്ല. ഈ നാട്ടിലെ നിയമങ്ങൾക്ക് അനുസരിച്ചുമാത്രമേ നമുക്ക് പ്രവർത്തിക്കാൻ കഴിയൂ. ഈ കേസിൽ ഭാര്യക്കോ മറ്റാർക്കെങ്കിലുമോ പങ്കുണ്ടെന്ന് അന്വേഷണ വേളയിൽ തെളിഞ്ഞാൽ അവരെയും പ്രതിയാക്കാനുള്ള അധികാരം അന്വേണ ഉദ്യോഗസ്ഥന്മാർക്കുണ്ട്. അതുപോലെ, പ്രതിക്ക് ജയിലിൽ ബിരിയാണി കൊടുത്തുവെന്ന് ശ്രീ. ബാബു.എം. പാലിശ്ശേരി പറഞ്ഞതുകേട്ട് ഞാൻ അത്ഭുതപ്പെട്ടുപ്പോയി. ഇന്നത്തെ കേരള കൗമുദി പത്രത്തിൽ 'ജയിലിൽ മൂന്ന് രൂപ യാചിച്ച കോടിശ്വരൻ' എന്ന തലക്കെട്ടോടെയുള്ള ഒരു വാർത്തയുണ്ട്. മക്കളെ ഫോൺ ചെയ്യാൻ അനുവദിച്ചിട്ടില്ല. ഇതെല്ലാം ഭാവനാ സൃഷ്ടിയാണ്. ഒരാൾ ജയിലിൽ പോയാൽ അയാൾക്ക് ഏത് ഭക്ഷണം കൊടുക്കണമെന്നുള്ളത് ജയിൽ

ചട്ടങ്ങളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമേ കഴിയൂ. അല്ലാതൊന്നും ആർക്കും കൊടുക്കാൻ കഴിയില്ല. സാധാരണ തടവുകാരന് ലഭിക്കുന്ന പരിഗണന മാത്രമാണ് നിസാമിന് കൊടുത്തിട്ടുള്ളത്. നിസാമിനെ ബാംഗ്ലൂരിലേക്ക് കൊണ്ടുപോയത് സംബന്ധിച്ച് ചെറുതായൊന്ന് വിശദീകരിക്കുകയാണ്. നിസാമിനെ ബാംഗ്ലൂരിൽ കൊണ്ടുപോയത് ടെംബോ ട്രാവലറിലാണ്. കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കാണ് കൊണ്ടുപോയത്. അക്കാര്യത്തെ സംബന്ധിച്ച് ഇവിടെ പറയുന്നത് ശരിയല്ലാത്തതുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. ബാംഗ്ലൂരിൽ ചെന്നപ്പോൾ നിസാമിന്റെ ഫ്ലാറ്റ് പൂട്ടിയിരുന്നതിനാൽ ഫ്ലാറ്റിന്റെ താക്കോൽ എടുക്കാനായി നിസാമിനോട് ഫോൺ ചെയ്യാൻ ആവശ്യപ്പെട്ട് പോലീസുകാരൻതന്നെ ഫോൺ കൊടുത്തപ്പോൾ മാധ്യമങ്ങളിൽ വന്ന വാർത്ത നിസാം ഫോൺ വിളിക്കുന്നുവെന്നാണ്. അതുപോലെ ബാംഗ്ലൂരിലെ ഫ്ലാറ്റിൽ നിരവധി വാഹനങ്ങൾ കിടക്കുന്നുണ്ട്. അതിന്റെ ഫോട്ടോയെടുത്തിട്ട് നിസാം സഞ്ചരിച്ചത് മുഴുവൻ റോൾസ് റോയ്സ് കാറിലാണെന്ന് പറഞ്ഞു. ഇത്തരം നിറം പിടിപ്പിച്ചതും തെറ്റിദ്ധാരണപരത്തുന്നതുമായ നുണകളും ഊഹാപോഹങ്ങളും ദയവായി ഉത്തരവാദിത്വപ്പെട്ട നിയമസഭാ സാമാജികർ എന്നുള്ള നിലയിൽ നമ്മൾ വിശ്വസിക്കരുതെന്നാണ് എനിക്ക് ഇക്കാര്യത്തിൽ

പറയാനുള്ളത്. നിഷ്പക്ഷവും നീതിപൂർവ്വവുമായ അന്വേഷണം നടക്കുകയും അതിലൂടെ എല്ലാ കാര്യങ്ങളും പുറത്തുവരുകയും ചെയ്യും. അതുപോലെ മുഖ്യമന്ത്രിയുടെ ഓഫീസ് ഇടപെട്ടുവെന്ന് ഇവിടെ പറഞ്ഞു. മുഖ്യമന്ത്രിയുടെ ഓഫീസ് ഒരുഘട്ടത്തിലും ഇടപെട്ടിട്ടില്ല. ഇവിടെ എം.എൽ.എ. മാരുടെ കാര്യം പറഞ്ഞു. ഞാൻ ഒരു എം.എൽ.എ. യേയും ഈ കാര്യത്തിൽ പ്രതിചേർക്കാൻ ആഗ്രഹിക്കുന്നില്ല. നിരവധി എം.എൽ.എ. മാരുടെ കാര്യങ്ങൾ ചില പത്രങ്ങളിൽ വരുന്നുണ്ട്. ഉത്തരവാദിത്തപ്പെട്ട ഒരു എം.എൽ.എ. യും ഇതുപോലെ ക്രൂരനായ ഒരു പ്രതിയെ സഹായിക്കാൻ ഒരുമ്പെട്ടുവെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഭരണപക്ഷമാണെങ്കിലും പ്രതിപക്ഷമാണെങ്കിലും ഓരോ ജനപ്രതിനിധിയും ഇത്തരം ഹീനമായ കൊലപാതക കേസുകളിൽപ്പെട്ട പ്രതികളെ സഹായിക്കാൻ രംഗത്തുവരുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഇവിടെ ഡി.ജി.പി. യുടെ കാര്യം പറഞ്ഞു. ഈ സർക്കാരിന് ഡി.ജി.പി. യിൽ പരിപൂർണ്ണമായ വിശ്വാസമാണ്. ഈ കേസുമായി ബന്ധപ്പെട്ട് ഡി.ജി.പി. യിൽ ഒരു അവിശ്വാസവും ഗവൺമെന്റിനില്ല.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഗവൺമെന്റിന്റെ നിലപാട് കൃത്യമായി പറഞ്ഞു. പക്ഷേ അതിന് നേരെ ഘടകവിരുദ്ധമായിട്ടാണ് ഇന്നലെ ബഹുമാനപ്പെട്ട ശ്രീ. പി. സി. ജോർജ്

പറഞ്ഞത്. ഗവൺമെന്റിന്റെ നയമാണ് ഇപ്പോൾ പറഞ്ഞത്. ശ്രീ. പി. സി. ജോർജ് ചീഫ് വിപ്പിന്റെ നയം ഇന്നലെ പ്രഖ്യാപിക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് ശ്രീ. പി. സി. ജോർജിനെതിരായി ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാനിപ്പോൾ ഈ അടിയന്തരപ്രമേയത്തിനാണ് മറുപടി പറയുന്നത്. ഈ അടിയന്തര പ്രമേയത്തിന് എന്റെ മറുപടി സംസ്ഥാന പോലീസ് മേധാവിയെ ഈ ഗവൺമെന്റിന് പൂർണ്ണ വിശ്വാസമാണ്. ഈ കേസ് അന്വേഷണത്തിൽ ഒരു ഘട്ടത്തിലും അദ്ദേഹം ഇടപെട്ടിട്ടില്ല. അദ്ദേഹം തൃശ്ശൂരിൽ പോയത് പോലീസ് മീറ്റിന്റെ ഉദ്ഘാടനത്തിനാണ്. അദ്ദേഹം താമസിച്ചത് പോലീസ് അക്കാഡമിയിലാണ്. പിറ്റേദിവസം തിരിച്ചുവരുകയും ചെയ്തു. ഇതദ്ദേഹം പോകുന്നതിനുമുമ്പുതന്നെ ഞാൻ പത്രത്തിൽ പറഞ്ഞ കാര്യമാണ്. ഈ കേസ് ഉൾപ്പെടെ നിരവധി കേസുകൾ എ.ഡി.ജി.പി. (നോർത്ത്), ഐ.ജി., കമ്മീഷണർ, എസ്.പി., ഇന്റലിജൻസ് ഓഫീസർമാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ അദ്ദേഹം ചർച്ച ചെയ്തിട്ടുള്ളതാണ്. ഈ കേസിന്റെ അതീവ ഗൗരവ സ്വഭാവം കണക്കിലെടുത്തുകൊണ്ട് ഈ കേസ് ഡി.ജി.പി. റിവ്യൂ ചെയ്യുമെന്ന് അദ്ദേഹം പോകുന്നതിന് രണ്ട് ദിവസങ്ങൾക്കുമുമ്പ്

ഞാൻ തന്നെ പത്രസമ്മേളനത്തിൽ പറഞ്ഞതാണ്. അതുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെന്റിന് ഡി.ജി.പി. യെ പൂർണ്ണ വിശ്വാസമാണ്. ഈ സംസ്ഥാനത്ത് ഏറ്റവും ഹീനമായൊരു കൊലപാതകമാണ് നടന്നത്. ഈ പ്രതിക്ക് പരമാവധി ശിക്ഷ വാങ്ങിക്കൊടുക്കുമെന്ന് ശ്രീ. ബാബു. എം. പാലിശ്ശേരിക്ക് ഞാൻ ഉറപ്പുനൽകുന്നു. മേലാൽ ഇതുപോലുള്ള സംഭവങ്ങൾ സംസ്ഥാനത്ത് ആവർത്തിക്കാതിരിക്കത്തക്ക നിലയിലുള്ള ശിക്ഷ വാങ്ങിക്കൊടുക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. അതുകൊണ്ട് സഭ നിർത്തിവച്ച് ഇക്കാര്യം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ശ്രീ. ബാബു എം. പാലിശ്ശേരി പറഞ്ഞ കൂട്ടത്തിൽ ആശുപത്രിയിലെ ബില്ല് കൊടുത്തിട്ടില്ലെന്ന് പറയുകയുണ്ടായി. ഈ വിവരം പത്രത്തിൽ കണ്ടതുകൊണ്ട് ഞാൻ അടുത്ത ദിവസം തൃശ്ശൂരിൽ ചെന്നപ്പോൾത്തന്നെ ഹോസ്പിറ്റലിൽ പോയി. ഹോസ്പിറ്റലിലെ ഡയറക്ടർ അച്ചനും ചന്ദ്രബോസിനെ ചികിത്സിക്കുന്ന ഡോക്ടേഴ്സും എല്ലാവരുമായിട്ടാണ് ഞാൻ പോയത്. അവിടെവച്ചു തന്നെ ഗവൺമെന്റ് എല്ലാ ചെലവും വഹിക്കുന്നതാണെന്ന് ചന്ദ്രബോസിന്റെ ഭാര്യയോടും ബന്ധുക്കളോടും പറഞ്ഞു. ഇനി ഒരു ബില്ലും അവരുടെ കൈയ്യിൽ നിന്നും വാങ്ങരുതെന്നും ഗവൺമെന്റ് തരുമെന്നും ഡയറക്ടർ അച്ചനോട് ഞാൻ പറഞ്ഞു. അപ്പോൾത്തന്നെ കളക്ടറെ ഫോൺ ചെയ്ത് വീട്ടുകാർക്ക്

എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ ഉപയോഗിക്കാൻവേണ്ടി 25000 രൂപ കൊടുക്കാൻ പറഞ്ഞു. കളക്ടർ അപ്പോൾത്തന്നെ ഹോസ്പിറ്റലിൽ ആ വിവരം അറിയിച്ചു. ഹോസ്പിറ്റലിലെ മുഴുവൻ ചെലവും ഗവൺമെന്റാണ് വഹിച്ചത്. പിന്നീട് ഞാൻ അന്വേഷിച്ചപ്പോൾ മനസ്സിലായത് 81,000 രൂപയാണ് ഹോസ്പിറ്റലിൽ നിന്ന് ബില്ല് കൊടുത്തതെന്നാണ്. അതുമുഴുവനും ഗവൺമെന്റ് കൊടുത്തു. ശ്രീ. ബാബു എം. പാലിശ്ശേരി ഇവിടെ പറഞ്ഞപ്പോൾ ആറു ലക്ഷം എന്നാണ് പറഞ്ഞത്. അങ്ങനെ ഒരു ബില്ല് കിട്ടിയിട്ടില്ല. പക്ഷെ, അങ്ങനെ ഉണ്ടെങ്കിൽ അതും ഗവൺമെന്റ് തന്നെ കൊടുക്കും, യാതൊരു സംശയവുമില്ല. ഞങ്ങൾക്ക് കിട്ടിയത് 81,000 രൂപയുടെ ബില്ലാണ്. അത് നൽകിയിട്ടുണ്ട്. കൂടുതൽ ഉണ്ടെന്ന് ഇവിടെ പറഞ്ഞ സാഹചര്യത്തിൽ അത് അന്വേഷിക്കും. ഏതായാലും അതിന്റെ പൂർണ്ണമായ ചെലവു വഹിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഒരു കാര്യം കൂടി ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ നാട്ടിൽ നടന്നിട്ടുള്ള ഏറ്റവും ക്രൂരമായിട്ടുള്ള ഒരു സംഭവമാണിത്. ഇതിൽ രാഷ്ട്രീയമല്ല, മനുഷ്യത്വമാണ് പ്രധാനം. ഇതിനെതിരെ കർശനമായ നിയമ നടപടികളെടുക്കും. പക്ഷേ, ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ പറഞ്ഞതുപോലെ നിയമപരമായ നടപടികൾ സ്വീകരിക്കുമ്പോൾ ചിലപ്പോൾ മിതത്വം പാലിക്കേണ്ടിവരും. ഇപ്പോഴത്തെ പ്രധാന

ആരോപണം നിസാമിന്റെ ഭാര്യയെ പ്രതിയാക്കിയില്ല എന്നതാണ്. കേട്ടാൽ പെട്ടെന്ന് അത് ശരിയാണെന്ന് തോന്നിയേക്കാം. പക്ഷേ ആ കുടുംബം സ്പെഷ്യൽ പ്രോസിക്യൂട്ടറാക്കാൻ നിർദ്ദേശിക്കുന്ന അഡ്വക്കേറ്റിന്റെ ഒരു സ്റ്റേറ്റ്മെന്റ് ഇന്ന് ഞാൻ പത്രത്തിൽ വായിച്ചു. നിയമപരമായി മാത്രമേ അതുപോലുള്ള കാര്യങ്ങളിൽ മുന്നോട്ട് നീങ്ങാവൂവെന്ന സ്പെഷ്യൽ പ്രോസിക്യൂട്ടറായി നിർദ്ദേശിക്കുന്ന ആ അഡ്വക്കേറ്റിന്റെ അഭിപ്രായം കണ്ടു. കാപ്പയുടെ കാര്യം ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. അതിന് ഓർഡർ കൊടുക്കേണ്ടത് ആഭ്യന്തര വകുപ്പുമന്ത്രിയല്ല, ഹൈക്കോടതി ജഡ്ജിമാരാണ്. അപ്പോൾ അവരുടെ അവകാശത്തിൽ നമുക്ക് കൈകടത്താൻ കഴിയില്ല. കാപ്പയല്ല അതിന് അപ്പുറത്ത് ഏതെങ്കിലും നിയമമുണ്ടെങ്കിൽ അതിനും അർഹനാണ്, അത്ര ക്രൂരതയാണ് ഈ പ്രതി ചെയ്തതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷേ നമ്മുടെ നിയമപരമായ നടപടിയെന്നുപറയുമ്പോൾ മിതത്വം പാലിക്കേണ്ടിവരും. നിയമം നടപ്പിലാക്കുന്നതിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടാവില്ല. അതിൽ യാതൊരു സംശയവും വേണ്ട. കാരണം അത്ര ക്രൂരമായിട്ടുള്ള ഒരു സംഭവമാണിത്. അതിന് ഏറ്റവും കടുത്ത ശിക്ഷ വാങ്ങിക്കൊടുക്കാൻ നമ്മൾ ശ്രമിക്കുമ്പോൾ അതിന്റെ ഓരോ നടപടിയും ശ്രദ്ധിച്ചുമാത്രമേ മുന്നോട്ടു പോകാൻ സാധിക്കൂ. അങ്ങനെ പോകുകതന്നെ

ചെയ്യും. അതിൽ യാതൊരു സംശയവുമില്ല. ശ്രീ. എ. കെ. ബാലൻ ആഭ്യന്തര വകുപ്പുമന്ത്രിയോടു ഒരു ചോദ്യം ചോദിച്ചു. ഡി.ജി.പി യിൽ പൂർണ്ണ വിശ്വാസമുണ്ടെന്ന് ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞ ആ അഭിപ്രായമാണ് ഈ ഗവൺമെന്റിന്റെയും അഭിപ്രായം. അതിനോട് ആർക്കുവേണമെങ്കിലും വിയോജിക്കാം. പക്ഷേ ഗവൺമെന്റിന്റെ ഭാഗമായിരുന്നുകൊണ്ട് വിയോജിക്കാൻ സാദ്ധ്യമല്ല.

മി. പ്രോട്ടേം സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ആഭ്യന്തര വകുപ്പുമന്ത്രിയുടെയും മറുപടിയുടെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരാണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, സാധാരണക്കാരും പാവപ്പെട്ടവരുമായ ആളുകളുടെ ഒരുകാര്യത്തിലും ഈ സർക്കാരിന് താൽപ്പര്യമില്ലെന്നറിയാം. അതുകൊണ്ടല്ലേ ജനങ്ങളെ ബാധിക്കുന്ന ഏത് പ്രശ്നമുന്നയിച്ചാലും അതിനോട് സർക്കാർ നിഷേധാത്മകമായ സമീപനം സ്വീകരിക്കുന്നത്; അതുതന്നെയല്ലേ ഇന്നിവിടെ ഉന്നയിച്ച അടിയന്തരപ്രമേയത്തിന്റെ കാര്യത്തിലും സർക്കാർ കാട്ടുന്നത്? ഒരു പാവപ്പെട്ട

മനുഷ്യനെ, അന്യായമായി ഉണ്ടാക്കിയ പണത്തിന്റെ ഹുങ്കുകൊണ്ട് മദിച്ചുനടക്കുന്ന ഒരാൾ പട്ടിയേയും പാമ്പിനേയുംപോലെ ചവിട്ടിക്കൊല്ലുന്നു. ഒരു പാവപ്പെട്ട കുടുംബത്തിന്റെ ഏക ആശ്രയവും അത്താണിയുമായിരുന്നു ഇങ്ങനെ പൈശാചികമായി കൊല്ലപ്പെട്ട ചന്ദ്രബോസ് എന്ന സെക്യൂരിറ്റി ജീവനക്കാരൻ. എന്നിട്ട് സർക്കാരും ശ്രീ. രമേശ് ചെന്നിത്തലയുടെ പോലീസും എന്ത് നിലപാടാണ് സ്വീകരിച്ചത്; ഏത് കൊലപാതക കേസിലും സർക്കാരല്ലേ വാദി; ഇവിടെയോ? സർക്കാർ വാദിയെ ഉപേക്ഷിച്ച് പ്രതിയുടെ കൂടെ ചേർന്നിരിക്കുന്നു. ഇതാണ് ഈ വിഷയത്തിലെ അസാധാരണമായ സംഭവം. ജനങ്ങളോട് ബാദ്ധ്യതയുള്ള ഏതെങ്കിലുമൊരു സർക്കാരിന് ചേർന്ന പണിയാണോ ഇത്? എന്തിനാണ് കൊലയാളിയായ നിസാമിനെ സംരക്ഷിക്കുന്നത്; അയാളുടെ കോടികളുടെ പളപളപ്പ് കണ്ടിട്ടല്ലേ; കോടികൾ കാണുമ്പോൾ നിങ്ങളുടെ കണ്ണുകൾ മഞ്ഞളിക്കുമെന്നും അരുതായ്മകൾ എന്തും ചെയ്യുമെന്നും നാട്ടിലുള്ളവർക്കൊക്കെ അറിയാവുന്നതാണ്. സോളാർ കേസിലും സലിം രാജിന്റെ ഭൂമി തട്ടിപ്പു കേസിലും ബാർ കോഴ കേസിലുമെല്ലാം അത് ജനങ്ങൾക്ക് നന്നായി ബോധ്യപ്പെട്ടിട്ടുള്ളതുമാണ്. അതുതന്നെയല്ലേ ഒരു പാവം മനുഷ്യനെ അറുംകൊല ചെയ്ത കൊടും ക്രൂരനുവേണ്ടി നിയമങ്ങൾ എല്ലാം കാറ്റിൽപ്പറത്തിക്കൊണ്ട് നിങ്ങൾ

കാണിക്കുന്നത്. ഈ കേസ് തേച്ചുമാച്ചു കളയാനും കൊലയാളിയെ സംരക്ഷിക്കാനും സർക്കാരും രമേശ് ചെന്നിത്തലയും ചെന്നിത്തലയുടെ പോലീസും ഗൂഢനീക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതിനെപ്പറ്റി അടിയന്തരപ്രമേയത്തിന് അനുമതി തേടി നടത്തിയ പ്രസംഗത്തിൽ സഖാവ് ശ്രീ. ബാബു എം. പാലിശ്ശേരി വിശദമാക്കുകയുണ്ടായല്ലോ. ആശുപത്രിയിൽവച്ച് ഒരു ഘട്ടത്തിൽ കൃത്യമായും സംസാരിക്കാൻ കഴിയുന്ന അവസ്ഥയിലായിരുന്നു ചന്ദ്രബോസ് എന്ന് ഇന്നും മാധ്യമങ്ങളിൽ വാർത്തകൾ വന്നിരിക്കുന്നു. പിന്നെ എന്തുകൊണ്ടാണ് ചെന്നിത്തലയുടെ പോലീസ് അദ്ദേഹത്തിന്റെ മരണമൊഴി എടുക്കാതിരുന്നത്; അതല്ലേ ഈ കേസിലെ നിർണ്ണായകമായ തെളിവ്? അത് നിങ്ങൾ തുടക്കത്തിൽത്തന്നെ നശിപ്പിച്ചു. ചന്ദ്രബോസ് ധരിച്ചിരുന്ന വസ്ത്രവും അതിലെ ആക്രമണത്തിന്റെ പാടുകളും തൊണ്ടിയായി വരരുതെന്ന് ആർക്കായിരുന്നു ഇത്ര നിർബന്ധം; ചെന്നിത്തലയ്ക്ക് ഇതിനെക്കുറിച്ച് എന്തെങ്കിലും പറയാനുണ്ടോ? ആ കൊലയാളിയെ ചെന്നിത്തലയുടെ പോലീസ് കൊണ്ടുപോകുന്നത് ചാനലുകളിൽ നാം കണ്ടതല്ലേ? ചില വി.വി.ഐ.പി. കൾക്ക് അകമ്പടി സേവിച്ച് പോകുന്നതുപോലെയാണ് പോലീസുകാർ നിസാമിനെ കൂട്ടിക്കൊണ്ടുപോകുന്നത്. പേരിന് കയ്യിൽ ഒരു വിലങ്ങു വച്ചിട്ടുണ്ട് എന്നുമാത്രം. ബാംഗ്ലൂരിൽ തെളിവെടുപ്പിനു

കൊണ്ടുപോയത് അയാളുടെ 9 കോടി രൂപ വിലയുള്ള കാറിലായിരുന്നുപോലും. കൊലപാതകക്കുറ്റം ചുമത്തുന്നവരെ ഈ രൂപത്തിലാണോ തെളിവെടുപ്പിനു കൊണ്ടു പോകുന്നത്; എന്തുകൊണ്ട് ഇങ്ങനെയൊക്കെ സംഭവിച്ചുവെന്ന് ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല അന്വേഷിച്ചിട്ടുണ്ടോ; ഒരു കൊലപാതകിയുടെ മുന്നിൽ പോലീസ് സംവിധാനവും സംസ്ഥാന സർക്കാരും ഓച്ഛാനിച്ചു നില്ക്കുകയല്ലേ; എന്ത് നാണക്കേടാണിത്; ഇക്കഴിഞ്ഞ ജനുവരി 29-നായിരുന്നില്ലേ ചന്ദ്രബോസിനെ കൊല ചെയ്തത്? ഒന്നരമാസം കഴിഞ്ഞിട്ടും ഒരു നടപടിയും എടുത്തിട്ടില്ല. ഈ മാസം 6-ാം തീയതി ഞാൻ ആ വീട്ടിൽ പോയിരുന്നു. തീർത്തും അനാഥമായ ആ കുടുംബം എന്നോട് അവരുടെ വേദനകളും പരാതികളും പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ 8-ാം തീയതി ഇതുസംബന്ധിച്ച അന്വേഷണം ത്വരിതപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് കത്തയച്ചത്. അതിനുശേഷമല്ലേ ഇപ്പോൾ കാപ്പ ചുമത്തിയത്; തെളിവുകൾ എല്ലാം നശിപ്പിക്കാനും കൊലയാളിയെ രക്ഷപ്പെടുത്താനും വേണ്ടതെല്ലാം ചെയ്തതിനുശേഷം ഇനി കാപ്പ ചുമത്തിയിട്ട് എന്ത് കാര്യം? ഞാൻ അയച്ച കത്തിനുള്ള മറുപടിയിൽ ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല പറയുന്നത് പോലീസ് അങ്ങേയറ്റം ഗൗരവത്തോടുകൂടിയാണ് ഇതിനെ

കാണുന്നതെന്നും എ.ഡി.ജി.പി. നോർത്ത് സോൺ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ സംഭവസ്ഥലം സന്ദർശിച്ച് കേസന്വേഷണത്തിന് മേൽനോട്ടം വഹിച്ചുവരികയാണ് എന്നുമാണ്. എനിക്ക് തന്ന മറുപടിയിൽ ആഭ്യന്തര വകുപ്പുമന്ത്രി പറയുന്നത് മുഴുവൻ ശാസ്ത്രീയ തെളിവുകളും ശേഖരിച്ചു എന്നാണ്. ഏത് ശാസ്ത്രീയ തെളിവുകളാണ് സർക്കാർ ശേഖരിച്ചതെന്ന് വ്യക്തമാക്കുമോ? ഇതിൽ നിന്നെല്ലാം ഒരു കാര്യം വ്യക്തമാണ്. നിങ്ങൾ വേട്ടക്കാരന്റെ പക്ഷത്താണ്, ഇരയുടെ കൂടെയല്ല. അതാണ് പ്രധാനമായ പ്രശ്നം. ഇതുതന്നെയാണ് സർക്കാരിന്റെ ഔദ്യോഗിക വക്താവായ ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ് പറഞ്ഞിരിക്കുന്നത്. അതിന് പുല്ലുവിലയെങ്കിലും കൊടുക്കേണ്ട തല്ലേ? സംസ്ഥാനത്തെ ഏറ്റവും ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻ ഒരു കൊലയാളിയെ രക്ഷപ്പെടുത്താൻ കൂട്ടുനിന്നു എന്നാണ് ചീഫ് വിപ്പ് പറഞ്ഞിരിക്കുന്നത്. ഇതു കേട്ടിട്ട് ചെന്നിത്തലയ്ക്ക് അല്പം പോലും ലജ്ജ തോന്നിയില്ല. സംസ്ഥാന സർക്കാരിന്റെ ബിസിനസ് റൂൾ പ്രകാരം ഒരു വകുപ്പിന്റെ സുപ്രീം അതോറിറ്റി മന്ത്രി തന്നെയാണ്. ആ മന്ത്രിയുടെ തൊട്ടുതാഴെയുള്ള ഉയർന്ന ഉദ്യോഗസ്ഥൻ ഒരു കൊലപാതകക്കേസിലെ പ്രതിയെ രക്ഷിക്കാൻ അവിഹിതമായി ഇടപെട്ടു എന്ന് ചീഫ് വിപ്പ് പറഞ്ഞാൽ അതിന്റെ ഉത്തരവാദി ആഭ്യന്തര വകുപ്പുമന്ത്രി തന്നെയാണ്. അതുകൊണ്ട് ഉദ്യോഗസ്ഥരുടെ മേൽ

ഉത്തരവാദിത്വം കെട്ടിവെച്ച് രക്ഷപ്പെടാമെന്ന് ബഹുമാനപ്പെട്ട 'ചെന്നിത്തല രമേശ് കരുതേണ്ടതില്ല. ചന്ദ്രബോസിന്റെ നിരാലംബരായ ഭാര്യയുടെയും പെറ്റമ്മയുടെയും തോരാത്ത കണ്ണുനീരിന് ശ്രീ. ചെന്നിത്തല മറുപടി പറയേണ്ടി വരും. ഞാൻ ഇത് വ്യക്തമായി പറഞ്ഞുവെന്നേയുള്ളൂ. ചീഫ് വിപ്പ് ശ്രീ. പി.സി. ജോർജ് പറഞ്ഞതും ഇതുതന്നെയല്ലേ? ഇതൊന്നും ചർച്ച ചെയ്യാൻ നിങ്ങൾക്ക് സമയമില്ലല്ലോ; നിങ്ങൾ കൊലപാതകികൾക്കും അഴിമതിക്കാർക്കും വേണ്ടി വക്കാലത്ത് എടുത്തിട്ടുള്ളവരല്ലേ; ഈ പ്രശ്നം ചർച്ച ചെയ്യാൻ അനുവദിക്കാതിരിക്കുക വഴി അതല്ലേ നിങ്ങൾ ഒരിക്കൽ കൂടി അടിവരയിടുന്നത്? ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. അച്യുതാനന്ദനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി).

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിന്റെ മനഃസാക്ഷിയെ വേദനിപ്പിച്ച അപൂർവ്വങ്ങളിൽ അപൂർവ്വമായ ഒരു കൊലപാതകമാണ് തൃശ്ശൂരിൽ നടന്നത്. ഇവിടെ അടിയന്തര പ്രമേയത്തിൽ ശ്രീ. ബാബു എം. പാലിശ്ശേരി പറഞ്ഞതുപോലെ ചന്ദ്രബോസിനെ പട്ടിയെ തല്ലുന്നതുപോലെ മൃഗീയമായി തല്ലി വാഹനം കയറ്റി കൊന്ന ഈ സംഭവത്തിന് ഒരു ന്യായീകരണവുമില്ല. നിയമസഭ കൂടുന്നതിന്

ഏതാനും ദിവസങ്ങൾക്കുമുമ്പ് നടന്ന, മലയാളികളെയും ഇൻഡ്യയെത്തന്നെയും ഞെട്ടിപ്പിക്കുന്ന വളരെ വിചിത്രമായ കൊലപാതകം നടത്തിയ ഈ കൊലയാളി ഇതിനുമുമ്പും നിരവധി ക്രിമിനൽ കേസുകളിലെ പ്രതിയായിരുന്നുവെന്ന് ഗവൺമെന്റിന് ബോധ്യമുള്ളതാണ്. അയാൾക്കെതിരെയുണ്ടായിരുന്ന 13 കേസുകളിൽ ഒന്ന് ഒരു വനിതാ പോലീസിനെ വാഹനത്തിലിട്ട് ശ്വാസം മുട്ടിച്ചുവെന്നുള്ളതാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറയാതെ പോയ കാര്യങ്ങളാണ് ഇതെല്ലാം. ബഹുമാനപ്പെട്ട രമേശ് ചെന്നിത്തലയ്ക്ക് അറിയില്ലേ ഈ നിസാമിനെ; ഒരു പോലീസ് ഉദ്യോഗസ്ഥയെ വാനിൽ പൂട്ടിയിട്ട് ഉപദ്രവിച്ചില്ലേ; മൂന്നോ നാലോ വയസ്സുള്ള കുട്ടിയെക്കൊണ്ട് കാർ ഡ്രൈവ് ചെയ്യിപ്പിച്ചില്ലേ; അങ്ങനെയുള്ള ഈ കൊലയാളിയെ കേഡി ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതല്ലേ; എന്തുകൊണ്ട് ഈ കോടീശ്വരന്റെ കാര്യത്തിൽ ഗവൺമെന്റ് കണ്ണടച്ചു?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, അയാൾ പേരാമംഗലം പോലീസ് സ്റ്റേഷനിലെ റൗഡി ഷീറ്റർ ആണ്.

ശ്രീ. സി. ദിവാകരൻ: സർ, റൗഡി ലിസ്റ്റിലുള്ള അയാൾ സ്വൈര്യമായി വിഹരിക്കുകയല്ലേ; അയാൾക്ക് പോലീസിന്റെ എന്ത് നിയന്ത്രണമാണുള്ളത്? അയാളെ പോലീസ് വാച്ച് ചെയ്യുന്നുണ്ടോ; അതുകൊണ്ട് ഗവൺമെന്റിന്

ധാർമ്മികമായി ഈ കൊലപാതകത്തിൽ ഉത്തരവാദിത്വമുണ്ട് എന്നാണ് ഞാൻ പറയുന്നത്. തെളിവുകൾ അങ്ങനെയാണ്. മറ്റൊന്ന്, വാഹനം ഇടിച്ച് കൊല്ലപ്പെട്ട ആളുടെ ചോരപുരണ്ട വസ്ത്രങ്ങളിൽ പോലീസാണ് ആദ്യം കൈവയ്ക്കുന്നത്. നമ്മൾ രാഷ്ട്രീയ പ്രവർത്തകരാണ്, ഇക്കാര്യം എനിക്കും താങ്കൾക്കും അറിയാവുന്നതാണ്. എവിടെ എന്ത് അസാധാരണ സംഭവം നടന്നാലും പോലീസ് വന്ന് മറ്റുള്ളവരെയെല്ലാം മാറ്റുകയും അതിന്റെ രേഖകൾ തയ്യാറാക്കുകയും എല്ലാ തൊണ്ടി സാധനങ്ങളും കസ്റ്റഡിയിൽ എടുക്കുകയും ചെയ്യും. പോലീസ് കസ്റ്റഡിയിൽ നിന്ന് പോലീസിന്റെ അറിവോടുകൂടിയാണ് ചന്ദ്രബോസിന്റെ ചോരപുരണ്ട വസ്ത്രങ്ങൾ ഒളിവിലാക്കിയത്. അത് തൊണ്ടി സാധനമാണ്. ഈ കേസിലെ പ്രധാനപ്പെട്ട തെളിവ് ആദ്യമേ നശിപ്പിച്ചു. ഈ കേസിൽ സത്യസന്ധമായി കേസ് എടുക്കുമെന്ന് ആഭ്യന്തരമന്ത്രി പറയുന്നു. തൊണ്ടി സാധനങ്ങൾ ഓരോന്നായി പോവുകയാണ്. ഇതിന്റെ ഏറ്റവും വലിയ ദൃക്സാക്ഷി- കൂട്ടുപ്രതി നിസാമിന്റെ ഭാര്യയാണ്. നിസാമിന്റെ ഭാര്യയെ ചോദ്യം ചെയ്യുകയോ അറസ്റ്റ് ചെയ്യുകയോ ചെയ്യാത്തത് എന്തുകൊണ്ടാണ്? എങ്ങനെയാണ് പൊതുസമൂഹത്തോട് ഇതിനുള്ള മറുപടി പറയുന്നത്; ഒരു അടിയന്തരപ്രമേയം കൊണ്ടുവന്നതുകൊണ്ടോ താങ്കൾ മറുപടി പറഞ്ഞതുകൊണ്ടോ പ്രശ്നം തീരുകയാണോ; ചന്ദ്രബോസിന്റെ കുടുംബം നമ്മുടെ

മുന്നിൽ നിൽക്കുകയല്ലേ? ചന്ദ്രബോസ് നമ്മുടെ പാർട്ടി പ്രവർത്തകനും സി.പി.ഐ.-യുടെ കുടുംബക്കാരനുമാണെന്ന് എല്ലാവർക്കുമറിയാം. ആഭ്യന്തരവകുപ്പുമന്ത്രി അവിടെ ചെന്നപ്പോൾ മനസ്സിലായി...... ഞങ്ങൾക്കും സമൂഹത്തിനുമാണ് നഷ്ടം സംഭവിച്ചത്. വയറ്റിപ്പിഴപ്പിനുവേണ്ടി, കുടുംബം പുലർത്താൻ വേണ്ടി ഒരു പണക്കാരന്റെ വീട്ടിൽ ജോലിചെയ്ത ആളാണ്. ശ്രീ. എം. പി. അബ്ദു സമദ് സമദാനി മനുഷ്യസ്നേഹത്തെക്കുറിച്ച് പറയുകയുണ്ടായി. അദ്ദേഹത്തിന്റെ കൺമുന്നിലാണ് ഈ ദാരുണമായ സംഭവം നടന്നത്. നമുക്ക് ആരെയും കൊല്ലാൻ അനുവാദമില്ല. കൊല്ലുന്നവൻ ഇവിടെ സുഖമായി കഴിയുകയാണ്. കൊലയാളിക്ക് സംരക്ഷണം കൊടുത്തുവെന്നാണ് ജനങ്ങൾക്ക് ഗവൺമെന്റിന്റെ മുമ്പിലുള്ള ഏറ്റവും വലിയ ആക്ഷേപം. അയാൾക്ക് അനർഹമായ എല്ലാം കൊടുക്കുകയും ബാംഗ്ലൂരിലേക്ക് ഉല്ലാസയാത്രയ്ക്ക് അയയ്ക്കുകയും ചെയ്തു. അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. അദ്ദേഹം എങ്ങനെയാണ് പോയതെന്ന് ചാനലിലൂടെ കേരളം മുഴുവൻ കണ്ടതാണ്. അയാളുടെ കയ്യിൽ വിലങ്ങില്ല, അയാൾ കളിക്കുകയും ചിരിക്കുകയും ചെയ്യുന്നു. എന്ത് സമീപനമാണിത്? 19 ദിവസം വരെ അദ്ദേഹം സ്വബോധത്തിൽ ആശുപത്രിയിൽ കിടന്നു. ഡോക്ടർമാർ പറഞ്ഞു എന്ന് പറയുന്നതിന് എന്താണ് തെളിവ്? രോഗിയെ കാണാൻ പുറത്തുനിന്ന് ആളുകൾ ചെന്നാൽ ഒരു ഡോക്ടറും അതിന് സമ്മതിക്കില്ല.

പോലീസിന് രണ്ട് വാക്ക് മതി. ചന്ദ്രബോസ് നാവ് അനക്കിയാൽ മതി. പല കേസുകളിലും അങ്ങനെ മരണമൊഴി എടുത്തിട്ടുണ്ട്. മരിക്കുന്നതിന് ഏതാനും നിമിഷം മുമ്പ് മരണമൊഴി എടുത്തിട്ടുണ്ട്. അതിന് വൈദഗ്ദ്ധ്യമുള്ള പോലീസ് ഉദ്യോഗസ്ഥന്മാരുണ്ട്. നിങ്ങൾ ഇത്രയും ദിവസം മരണമൊഴിയെടുക്കാതെ ചന്ദ്രബോസിനെ മരിക്കുന്നതുവരെയിട്ടു. അങ്ങനെ ചെയ്യാമോ? നിങ്ങളാണ് ഇതിന് ഉത്തരവാദിയെന്ന് ഞാൻ പറയുന്നില്ല. ഒരു പൗരന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട നിങ്ങൾ അത് ചെയ്തില്ല. ഹോം മിനിസ്റ്ററുടെയും ഹോം ഡിപ്പാർട്ടുമെന്റിന്റെയും ചുമതല ജീവൻ സംരക്ഷിക്കുക എന്നുള്ളതാണ്. സഹജീവി കൊലക്കത്തിക്ക് ഇരയാകുന്നത് നോക്കിനിൽക്കാൻ സാധ്യമല്ല. അതിന് നിയമം അനുവദിക്കുന്നില്ല. നിങ്ങൾ അദ്ദേഹത്തിന്റെ ചോരപുരണ്ട വസ്ത്രം തിരിച്ച് അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് കൊടുത്തിരുന്നെങ്കിൽ അവർക്ക് അതെങ്കിലും ആശ്വാസമാകുമായിരുന്നു. സ്വന്തം ഭർത്താവ് മരണസമയത്ത് അണിഞ്ഞിരുന്ന വസ്ത്രം ഭാര്യയ്ക്ക് കൊടുത്താൽ ഭാര്യ അത് പൂജിക്കുമായിരുന്നു. പക്ഷേ അതിക്രൂരമായി നിങ്ങൾ അത് നശിപ്പിച്ചുകളഞ്ഞു. അവിടെ രണ്ട് എം.എൽ.എ.-മാർ പോയി എന്നുപറഞ്ഞ ആൾ ഇവിടെ നിൽപ്പുണ്ട്. ഡി.ജി.പി.-യിലും ഹോംമിനിസ്റ്ററിലും വിശ്വാസമുണ്ടെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഡി.ജി.പി.-യിൽ

വിശ്വാസമില്ലെന്ന് പറഞ്ഞത് പ്രതിപക്ഷ നേതാവാണോ; നിങ്ങളുടെ ഗവൺമെന്റിന്റെ ഭാഗമായിട്ടുള്ള ആളല്ലേ; അദ്ദേഹമല്ലേ സി.ഡി. കൊണ്ടുനടന്ന് കേരളത്തെ കാണിച്ചത്; അതിനു ശേഷമാണ് ഗവൺമെന്റിന് ഡി.ജി.പി.-യോട് പൂർണ്ണ വിശ്വാസമുണ്ടെന്ന് ഹോം മിനിസ്റ്റർ പറഞ്ഞത്. വിശ്വാസമില്ലെന്ന് പ്രതിപക്ഷം പറഞ്ഞിട്ടില്ലല്ലോ; നിങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്, കൊലക്കേസിൽപ്പോലും ഒന്നിച്ചുനിൽക്കാൻ കഴിയാത്തതിനെതിരെ അടിയന്തരപ്രമേയം ഉന്നയിക്കാൻ പ്രതിപക്ഷത്തിന് പാടില്ലേ; കൊലപാതക മല്ലേ നടന്നത്? അങ്ങും ഇത് സമ്മതിക്കുകയല്ലേ; ഇത് നിർഭാഗ്യകരമാണ്. സി. ഡി. കൊണ്ടുവന്നതിന് പിന്നിൽ ഒരു ഗൂഢാലോചനയുണ്ടെന്നാണ് ഡി.ജി.പി. പറഞ്ഞത്. അദ്ദേഹം ഇപ്പോൾ അന്വേഷണം നടത്തുകയാണ്. ഡി.ജി.പി.-യെ കൂടാതെ മറ്റൊരു പോലീസിനെവച്ചും അന്വേഷണം നടത്തുകയാണ്. എന്ത് വിചിത്രമായ കാര്യമാണിത്? കടുവയെ കിടുവ പിടിക്കുമെന്ന് പറഞ്ഞ് കേട്ടിട്ടേയുള്ളൂ. ഡി.ജി.പി.-ക്ക് ഇതിൽ ഇൻവോൾമെന്റ് ഉണ്ടോ ഇല്ലയോ എന്ന് അന്വേഷണം നടക്കുകയാണ്.

പ്രോട്ടേം സ്പീക്കർ : ബഹുമാനപ്പെട്ട ദിവാകരൻ.... 9 മിനിട്ടായി. ഒന്ന് ചുരുക്കി പറയൂ.

ശ്രീ. സി. ദിവാകരൻ: സർ, എന്റെ പാർട്ടിയിലെ അരുംകൊല ചെയ്യപ്പെട്ട

ഒരാളിന്റെ കാര്യമാണ് ഞാൻ പറയുന്നത്. സി.പി.ഐ.-ക്കാർ ഒരു തെറ്റും ചെയ്യാത്തവരല്ലേ; ഞങ്ങൾ ഒരാളിനെ കൊന്നാൽ നിങ്ങൾ വേണ്ടേ സഹായിക്കാൻ. നിങ്ങൾ സഹായിക്കുന്നുണ്ടോ. ആൾ മരിച്ചതിനുശേഷം ആശുപത്രിയിൽപ്പോയി മരുന്നിന് കാശ് കൊടുത്തുവെന്ന് പറഞ്ഞാൽ ജീവൻ തിരിച്ചുകിട്ടുമോ; ആ കുടുംബത്തിന്റെ മുമ്പിൽ എന്ത് മറുപടി പറയും; അവർ എന്ത് തെറ്റ് ചെയ്തു. ഡ്യൂട്ടിക്ക് നിന്ന ഒരാളിനെ കൊല്ലുക. ക്രിമിനൽസ് എല്ലാം ഇവിടെ കിടപ്പില്ലേ; രാജ്യത്ത് കുറ്റവാളികൾ യാതൊരു കുഴപ്പവുമില്ലാതെ നടക്കുകയാണ്. നിങ്ങൾ കാപ്പ ചുമത്തിയെന്നു പറയുന്നു. കാപ്പ ചുമത്തേണ്ടത് ഇതുപോലുള്ള സന്ദർഭങ്ങളിലാണ്. കാപ്പ ചുമത്തിയാൽ പ്രശ്നം തീരുമോ? കാപ്പ ചുമത്തിയാൽ ജാമ്യം കിട്ടാൻ താമസമുണ്ടെന്നു മാത്രമേയുള്ളൂ. ഈ കേസ് എടുത്ത ഡി.ജി.പി.-യും അന്വേഷണം നടത്തിയത് അതേ പോലീസ് ഉദ്യോഗസ്ഥരുമാണെങ്കിൽ മരണപ്പെട്ട ആളിന്റെ വസ്ത്രങ്ങൾ നശിപ്പിച്ചുകളഞ്ഞ, ഭാര്യയുടെ മൊഴിയെടുക്കാത്ത, മരണ മൊഴിയെടുക്കാത്ത അതേ പോലീസിനെക്കൊണ്ട് നിങ്ങൾ അന്വേഷണം നടത്തുകയാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി, അങ്ങേയ്ക്ക് എല്ലാ കഴിവും ഉണ്ടല്ലോ; എന്ത് ന്യായമാണിത്? (1) കൊലചെയ്യപ്പെട്ട അദ്ദേഹത്തിന്റെ ചോരപുരണ്ട വസ്ത്രങ്ങൾ നശിപ്പിച്ചു. (2) പോലീസ് മരണമൊഴി എടുക്കാൻ അറച്ചു.

(3) കൂടെയുണ്ടായിരുന്ന ഭാര്യയുടെ മൊഴി ഇനിയും എടുത്തിട്ടില്ല. എന്താണിത്; അവരിൽ നിന്നാണോ നമുക്ക് നീതി കിട്ടാൻ പോകുന്നത്? ഈ കേരള നിയമസഭ ഒന്നടങ്കം ഈ വിഷയത്തിൽ ചന്ദ്രബോസിനോട്...... നിങ്ങൾ ഈശ്വരവിശ്വാസിയാണല്ലോ; അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേടാനെങ്കിലും നിങ്ങൾ പ്രാർത്ഥിക്കുമോ; ചന്ദ്രബോസിന്റെ കുടുംബത്തെ സംരക്ഷിക്കുമോ; അനാഥമായ കുടുംബമല്ലേ. ഗവൺമെന്റിനെ ആശ്രയിക്കാതെ സ്വയംതൊഴിൽ കണ്ടെത്തി പോയതല്ലേ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ചന്ദ്രബോസിന്റെ ഭാര്യയ്ക്ക് സർക്കാരിന്റെ ഏതെങ്കിലും പൊതുമേഖലാസ്ഥാപനത്തിൽ ജോലി കൊടുക്കാമെന്ന് ക്യാബിനറ്റ് തീരുമാനിച്ചു. മുഖ്യമന്ത്രി അത് പ്രസ്താവിച്ചിട്ടുള്ള കാര്യമാണ്. ആ കുടുംബത്തിന് ചെയ്യാവുന്ന പരമാവധി സഹായം ഗവൺമെന്റ് ചെയ്യുമെന്നതിൽ യാതൊരു സംശയവുമില്ല.

ശ്രീ. സി. ദിവാകരൻ : സർ, അതിന് നന്ദിയുണ്ട്. അതൊരു മാനുഷിക ധർമ്മമാണ്. നമ്മൾ എല്ലാവരും അതിന് ബാധ്യസ്ഥരാണ്. നിരപരാധികൾ കൊല്ലപ്പെട്ടാൽ നമ്മളെപ്പോലുള്ള ആളുകൾ രാജ്യം ഭരിക്കുമ്പോൾ ആ കുടുംബത്തിനെ സംരക്ഷിക്കേണ്ടത് മനുഷ്യധർമ്മമാണ്. പക്ഷേ എന്റെ പരാതി അതല്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞതുപോലെ ഒരു പൊതുമേഖലാ സ്ഥാപനത്തിൽ ജോലി കൊടുക്കാനായി തീരുമാനിച്ചിട്ടുണ്ട്. അവരുടെ കുടുംബത്തിന്റെ കത്ത് കിട്ടിയിട്ടുണ്ട്. അതനുസരിച്ച് തീരുമാനമെടുക്കുന്നതായിരിക്കും. 10 ലക്ഷം രൂപ ഗവൺമെന്റ് കൊടുക്കാൻ തീരുമാനിക്കുകയും നിസാമിന്റെ സ്വത്തിൽനിന്ന് നഷ്ടപരിഹാരം വാങ്ങാൻ നിയമപരമായി സാധ്യതയുണ്ടോ എന്ന് പരിശോധിക്കാൻ ക്യാബിനറ്റ് തീരുമാനിച്ച് നിയമവിദഗ്ദ്ധർക്ക് അത് റഫർ ചെയ്തിരിക്കുകയുമാണ്.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവസാനം പറഞ്ഞതിനോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. ഇതിനകത്ത് വലിയ നിയമമൊന്നുമില്ല. അയാളുടെ അനധികൃതമായ സ്വത്തുവകകൾ മുഴുവൻ ഗവൺമെന്റിന് കണ്ടുകെട്ടാം. അയാളുടെ സമ്പാദ്യത്തിന് ഒരു തെളിവുമില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, അതിനാണ് എ.ഡി.ജി.പി. ക്രൈംസ് ഇക്കണോമിക് ഒഫൻസസ് വിംഗിനെക്കൊണ്ട് അന്വേഷണം നടത്താൻ ഞാൻ ഇന്നലെത്തന്നെ ഉത്തരവിട്ടത്. അയാളുടെ സ്വത്ത് വിവരങ്ങളെപ്പറ്റിയും അനധികൃതമായ സ്വത്ത് സമ്പാദനത്തെപ്പറ്റിയുമുള്ള വസ്തുതകൾ പുറത്ത് കൊണ്ടുവരാൻ വേണ്ടിയാണ് അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുള്ളത്.

<u>ശ്രീ. സി. ദിവാകരൻ</u> : സർ, നിയമം നിയമത്തിന്റെ വഴിക്കു നടക്കട്ടെ. ഞാൻ അതിനെതിരല്ല. പക്ഷെ നിയമത്തിന്റെ നടപടികളിലേക്ക് പോകുമ്പോൾ, ഇതുവരെ പോയ നടപടികളിൽ ഞങ്ങൾക്ക് ഒരുപാട് സംശയങ്ങളുണ്ട്. അതുകൊണ്ട് ഈ പറയുന്നത് വെറും പ്രസ്താവനയാകരുത്. അതിന് ആവശ്യമായ ഇക്കണോമിക് ഒഫൻസ് സെല്ലിനെക്കൊണ്ട് പരിശോധിച്ചാൽ അത് അനധികൃത സ്വത്താണെന്നുതെളിയും. ആ സ്വത്ത് ഗവൺമെന്റ് കണ്ടുകെട്ടണം. ചന്ദ്രബോസിന്റെ കുടുംബത്തിന് അർഹമായത് കൊടുക്കണം. അവസാനം അയാൾക്ക് ജീവപര്യന്തമോ തൂക്കിക്കൊല്ലാൻ വിധിക്കുന്ന തരത്തിലേക്കോ ഈ കേസ് നടത്താൻ ഗവൺമെന്റിന് കഴിഞ്ഞില്ലെങ്കിൽ, ഞങ്ങൾ ഏത് അറ്റംവരെയും പോയി അഭിഭാഷകനെ കൊണ്ടുവന്ന് തൂക്കിക്കൊല്ലും. അല്ലാതെ വിടാൻ പാടില്ല. ആ ശിക്ഷ കൊടുപ്പിക്കാൻ ഗവൺമെന്റിന്റെ കൂടെ പ്രതിപക്ഷവുമുണ്ടാകും. എന്നാലും ഈ ദാരുണമായ സംഭവം സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്ക് ഔട്ട് നടത്തുകയാണ്.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

<u>ശ്രീ. മാത്യു റ്റി തോമസ്</u>: സർ, മോർച്ചറിയുടെ കണ്ണാടി പുറത്തുനിന്ന്

ചന്ദ്രബോസിന്റെ ശവശരീരത്തിലേയ്ക്ക് മകൾ നോക്കുന്ന ദയനീയമായ ചിത്രം എല്ലാ മലയാളിയുടെയും മനസ്സിൽ ഉണ്ട്. സ്വന്തം അച്ഛനെ ഒരു കാരണവുമില്ലാതെ നഷ്ടപ്പെട്ട മക്കളുടെ ദു:ഖമാണത്. ഡൽഹിയിൽ ഒരു നിർഭയ കൊലചെയ്യപ്പെട്ടപ്പോൾ അത് ഡൽഹിയിലാണല്ലോ എന്ന് നമ്മൾ സമാശ്വസിച്ചു. ഇവിടെ പ്രധാനപ്പെട്ട പ്രശ്നം, അതിപൈശാചികമായ കൊലപാതകം മാത്രമല്ല ആ കൊലപാതകിയെ കൈകാര്യം ചെയ്ത രീതിയും നമ്മുടെ സംസ്ഥാനത്തിന് അപമാനമായി മാറി. വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ പറഞ്ഞുകഴിഞ്ഞു. അതിദാരുണമായ കൊലപാതകം നടത്തി കൊലപാതക കുറ്റത്തിൽ പ്രതിചേർക്കപ്പെട്ട ആളിന് സംസ്ഥാന പോലീസ് ഒരു വി.ഐ.പി. യ്ക്ക് കൊടുക്കുന്ന തരത്തിൽ അനർഹമായ പരിഗണന കൊടുത്തുവെന്ന് പറയുന്നത് നമുക്ക് എല്ലാപേർക്കും അപമാനമാണ്. തെളിവുകൾ നശിപ്പിക്കപ്പെട്ട വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. മൊഴി എടുക്കാൻ കഴിയാതെ വന്നത്, വസ്ത്രം കത്തിച്ചു കളഞ്ഞത് അതിന്റെ വിശദാംശങ്ങളിലേക്കൊന്നും ഞാൻ പോകുന്നില്ല. വസ്ത്രം കത്തിച്ചതിനെക്കുറിച്ച് അന്വേഷിക്കാമെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇപ്പോഴാണ് സഭയിൽ പറയുന്നത്. ശ്രീ. ബാബു എം.പാലിശ്ശേരി പറഞ്ഞപ്പോൾ പറയേണ്ട ഒരു കാര്യമായിരുന്നില്ല. അത് ആദ്യഘട്ടം മുതൽ തന്നെ അന്വേഷിക്കേണ്ട

വിഷയമായിരുന്നു. അതുകൊണ്ട് ഞാൻ പറയാൻ ശ്രമിക്കുന്നത് അസാധാരണമായ അതിദാരുണമായ ഒരു കൊലപാതക ത്തിൽ അനർഹമായ ഒരു പരിഗണന കൊലപാതകിക്ക് കൊടുക്കുക എന്ന വലിയ കുറ്റം ഈ സർക്കാർ ചെയ്തിരിക്കുന്നു. അത് ഉണ്ടാകാൻ പാടില്ലായിരുന്നു. കാപ്പ ചുമത്തിയോ ഇല്ലയോയെന്നതാണ് ഇപ്പോൾ അധികം ചർച്ച ചെയ്യപ്പെടുന്നത്. നടപടിക്രമങ്ങൾ പാലിച്ച് കാപ്പ ചുമത്തണം. 302-ാം വകുപ്പ് പ്രകാരമുള്ള പരമാവധി ശിക്ഷ അയാൾക്ക് വാങ്ങി കൊടുക്കുകയെന്നതാണ് അതിനെക്കാൾ പ്രധാനം. കാപ്പ ചുമത്തി നടപടി ക്രമങ്ങൾ എടുക്കുന്നതോടൊപ്പം തന്നെ കൊലപാതക കേസിലെ അന്വേഷണവും വിചാരണയും കുറ്റമറ്റ രീതിയിൽ ഇവിടെ മുൻ നേതാക്കന്മാർ സൂചിപ്പിച്ചതുപോലെ പരമാവധി ശിക്ഷ വാങ്ങി കൊടുക്കുന്ന കാര്യത്തിൽ അതീവ ജാഗ്രതയോടുകൂടി നടപ്പാക്കാൻ അതിന്റെ നടപടികൾ തുടർന്നുകൊണ്ടുപോകാൻ ശ്രമിക്കണമെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഇരയുടെ കുടുംബത്തിന് അനുകൂലമായി ശക്തമായ ഒരു ഇടപെടൽ ഉണ്ടാകുന്നില്ല എന്നാണ് ഇതുവരെ കണ്ടിരിക്കുന്ന ഒരു പ്രവണത. ആ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷി അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. തോമസ് ചാണ്ടി: സർ, വിദ്യാസമ്പന്നമാണ് കേരളം. ലോകത്തിന്റെ വിവിധ ഭൂഖണ്ഡങ്ങളിൽപോയി ജോലി ചെയ്യുന്ന ആളുകളുടെ എണ്ണം വച്ച് നോക്കിയാൽ, ഇന്ത്യാ മഹാരാജ്യത്ത് കേരളത്തിൽ നിന്നാണ് ഏറ്റവും കൂടുതൽ ആളുകൾ ലോകത്തിന്റെ വിവിധ ഭൂഖണ്ഡങ്ങളിൽ ജോലി ചെയ്യുന്നത്. എന്തുകൊണ്ടും സംസ്കാര സമ്പന്നമാണ് നമ്മുടെ സംസ്ഥാനം. ഞാൻ ടി.വി. യിൽ കണ്ട ഒരു കാര്യം ശരിയാണെങ്കിൽ പല ചോദ്യങ്ങളും ഉയർത്തുന്നു. മോട്ടോർ സൈക്കിളിൽ അസ്ഥിപഞ്ജരവും തലയോട്ടിയും കെട്ടിയിട്ട് 120 കിലോമീറ്റർ സ്പീഡിൽ പറന്നുനടക്കുന്ന ആളാണ് ഇവിടത്തെ കൊലപാതകി. ഇത് ടെലിവിഷനിലൂടെ കണ്ടപ്പോൾ ഇങ്ങനെ ഈ രാജ്യത്ത് നടക്കുമോ?.... ഇങ്ങനെ ഒരാൾ നടത്തിയ കൊലപാതകത്തെ ക്കുറിച്ചാണ് ചർച്ച നടക്കുന്നത്. പോലീസിനെ സ്വാധീനിക്കാൻ വരെ അയാളുടെ കോടികൾക്ക് കഴിയുന്നുവെന്ന് പറയുമ്പോൾ ഭയം തോന്നുന്നു. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി അങ്ങ് വളരെ സമർത്ഥനാണ്, വർഷങ്ങളുടെ പരിചയമുണ്ട്, എനിക്ക് അങ്ങയിൽ വിശ്വാസവുമുണ്ട്, കുറ്റവാളികൾക്ക് അർഹമായ ശിക്ഷ ലഭിക്കുന്നതിന് അങ്ങ് പ്രവർത്തിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. പക്ഷെ

ഇന്ന് ഇവിടെ ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷി അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. തോമസ് ചാണ്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)